# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2024)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്
(Presented on 4th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ
FIFTEENTH KERALA LEGISLATIVE ASSEMBLY

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2024 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2024)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1030/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# സബ്ജക്ട് കമ്മിറ്റി XII
# ആരോഗ്യവും കുടുംബക്ഷേമവും
# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി സുനിത സി., അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2021 ജൂൺ 7 -ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും 2023 ഡിസംബർ 7-ലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2023-2026 കാലയളവിലേയ്ക്കായും രൂപീകൃതമായ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ൽ 10 അംഗങ്ങളാണുള്ളത്.

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 7-6-2023, 8-8-2023, 10-8-2023, 3-1-2024, 27-2-2024, 6-3-2024 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. മേൽ പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 78.33% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ, രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ, മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെയും എസ്.ആർ.ഒ.കളുടെയും വിശദാംശങ്ങൾ, നാലാം അദ്ധ്യായത്തിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അഞ്ചാം അദ്ധ്യായത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ, ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2024 ജൂലൈ 4.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2023 ആഗസ്റ്റ് 8-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2023 ആഗസ്റ്റ് 8-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2023 ആഗസ്റ്റ് 8-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2023 ആഗസ്റ്റ് 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2023 സെപ്റ്റംബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ' സംബന്ധിച്ച് ചട്ടം 235 (എ) പ്രകാരം സമിതി പരിഗണിച്ച വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട് 2024 ജനുവരി 3-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ഫെബ്രുവരി 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ 2023 ഓഗസ്റ്റ് 8-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.
2. 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ 2023 ഓഗസ്റ്റ് 10-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 3-1-2024-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് നൽകിയ വിശദീകരണം അംഗീകരിക്കുകയും അവയ്ക്ക് സാധൂകരണം നൽകുകയും ചെയ്തു.

| ക്രമ നമ്പർ | ചട്ടങ്ങളുടെ പേര് | എസ്.ആർ.ഒ. നമ്പർ & തീയതി |
|---|---|---|
| 1 | മെന്റൽ ഹെൽത്ത് കെയർ (കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി) റൂൾസ് - 2023<br>(ഫയൽ നമ്പർ 9870/ സബ്.സി. എഫ്2/2023/നി.സെ.) | 502/2023<br>തീയതി 20-4-2023 |
| 2 | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ 13-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് &, 52-ാം വകുപ്പ് എന്നിവ പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ടതായ ഏറ്റവും കുറവ് നിലവാരം നിർണ്ണയിക്കുന്ന വിജ്ഞാപനം<br>(ഫയൽ നമ്പർ 8608/സബ്.സി. എഫ്2/2023/നിസെ) | 503/2023<br>തീയതി 20-4-2023 |

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ചട്ടങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

## അദ്ധ്യായം IV

## നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

1. 'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ' എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2023 ജൂൺ മാസം 7-ാം തീയതി ചേർന്ന സമിതിയോഗം ചർച്ച നടത്തുകയും പ്രസ്തുത വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട് 2024 ജനവരി 3-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2024 ഫെബ്രുവരി 2-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.
2. 'ആദിവാസി മേഖലയിലെ ആരോഗ്യ സുരക്ഷ' എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2024 ജനവരി 3-ാം തീയതി ചേർന്ന സമിതിയോഗം ചർച്ച നടത്തി.

## അദ്ധ്യായം V

## നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ഈ കാലയളവിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടില്ല.

## അദ്ധ്യായം VI

## (a) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

റിപ്പോർട്ടിൽ ആകെ 83 ശിപാർശകളാണുള്ളത് ആയതിൽ മറുപടി ലഭിക്കാനുള്ളവ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 1 മുതൽ 38 വരെ |
| ആയുഷ് വകുപ്പ് | 39 മുതൽ 83 വരെ |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷത്തെ സമിതി റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3627/സബ്.സി.എഫ്.2/2019/നി.സെ.)

**ശിപാർശ**

2210-06-102-99—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ-ഭക്ഷ്യകാര്യ ഭരണം

ബഡ്ജറ്റ് വിഹിതം :

05-2—വൈദ്യുത ചെലവ് : 4.73 ലക്ഷം രൂപ (നോൺ പ്ലാൻ)

06—വാടക, കരം, നികുതി : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് ആന്റ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ അനുവദിച്ചതിനാൽ വൈദ്യുതി ഉപഭോഗം കൂടിയ സാഹചര്യത്തിലും, ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ വാടക നൽകുന്നതിലേക്കും നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 2210-06-102-99-05-2 എന്ന ശീർഷകത്തിൽ 12.27 ലക്ഷം രൂപയും 2210-06-102-99-06 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-102-99-05-2 (നോൺ പ്ലാൻ) വൈദ്യുത ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4.73 രൂപയെ കൂടാതെ ധനപുനഃവിനിയോഗം മുഖേന 2 ലക്ഷം രൂപകൂടി അനുവദിച്ചിട്ടുണ്ട്. 2210-06-102-99-06 വാടക, കരം, നികുതി (നോൺ പ്ലാൻ) ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 10 ലക്ഷം രൂപ കൂടാതെ 28,92,000 രൂപ (ഇരുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ) കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 386/ഇ 1/2019/ ആ.കു.വ, തീയതി 25-4-2023)

**ശിപാർശ**

2210-06-102-99-04-1—ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ -ഭക്ഷ്യകാര്യ ഭരണം - യാത്ര ബത്ത

ബഡ്ജറ്റ് വിഹിതം : 22.05 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷ കമ്മീഷണർ, സംസ്ഥാനതല ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും , ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രബത്ത ഇനത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 27.95 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-102-99-04-1 (നോൺ പ്ലാൻ) ശീർഷകത്തിൽ അധിക തുക ഒന്നും അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം. 386/ഇ 1/2019/ ആ.കു.വ, തീയതി 25-4-2023)

**ശിപാർശ**

2210-06 -107-98—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി

ബഡ്ജറ്റ് വിഹിതം :

05-2—വൈദ്യുത ചെലവ് : 15.4 ലക്ഷം രൂപ (നോൺ പ്ലാൻ)

06—വാടക, കരം, നികുതി : 66,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ ലാബുകളിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ വൈദ്യുതി ഉപഭോഗം പതിൻമടങ്ങ് വർദ്ധിക്കുന്ന സാഹചര്യത്തിലും

പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയിനത്തിലെ ചെലവുകൾക്കും ഈയിനത്തിലെ കുടിശ്ശിക ഒടുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-06 -107-98-05-2 എന്ന ശീർഷകത്തിൽ 9.6 ലക്ഷം രൂപയും2210-06-107-98-06 എന്ന ശീർഷകത്തിൽ 1.34 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**സർക്കാർ സ്വീകരിച്ച നടപടി**

2210-06-107-98-05-2 വൈദ്യുത ചെലവ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 15.4 ലക്ഷം രൂപ കൂടാതെ ടി ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

06 - വാടക, കരം, നികുതി ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 386/ഇ 1/2019/ആ.കു.വ, തീയതി 25-4-2023)

**ശിപാർശ**

2210-05-200-95—<u>മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയ്ക്കുള്ള പഠനകേന്ദ്രം</u>

ബഡ്ജറ്റ് വിഹിതം : 41.22 ലക്ഷം രൂപ (നോൺ പ്ലാൻ)

10 ലക്ഷം രൂപ (പ്ലാൻ)

ഇംഹാൻസ് ജീവനക്കാരുടെ ശമ്പള ചെലവിനത്തിനും ന്യൂറോസയൻസ് ലാബിന്റെ പ്രവർത്തനത്തിന് സാങ്കേതിക വിദഗ്ധരുടെ നിയമനത്തിനുമായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 2.0981 കോടി രൂപയും പദ്ധതി ഇനത്തിൽ 29.44 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സർക്കാർ സ്വീകരിച്ച നടപടി**

ഇംഹാൻസിന് ശമ്പളയിനത്തിൽ 2210-05-200-95-31 എന്ന ശീർഷകത്തിൽ 1,04,39,000 രൂപ (ഒരു കോടി നാല് ലക്ഷത്തി മുപ്പത്തൊൻപതിനായിരം രൂപ)യും

ശമ്പളേതരയിനത്തിൽ 2210-05-200-95- 36 എന്ന ശീർഷകത്തിൽ 13,50,000 രൂപയും (പതിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 386/ഇ 1/2019/ആ.കു.വ, തീയതി 25-4-2023)

(ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ 14, 15, 17, 29 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 8-8-2023-ലെ സമിതി യോഗം അംഗീകരിക്കുകയും അതിന്മേലുള്ള കാലതാമസ പത്രിക 9-8-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളൊന്നും ഇക്കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2024 ജൂലൈ 1.

അനുബന്ധം

## 7-6-2023-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2023 ജൂൺ 7-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 604-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
3. ശ്രീമതി ദെലീമ, എം.എൽ.എ.
4. ശ്രീമതി യു. പ്രതിഭ, എം.എൽ.എ.
5. ശ്രീമതി കെ. കെ. രമ, എം.എൽ.എ.
6. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി,
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി,
3. ശ്രീ. ടി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
2. ശ്രീ. ജീവൻ ബാബു കെ., സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
3. ഡോ. റീന കെ. ജെ., ഡയറക്ടർ, ആരോഗ്യ വകുപ്പ്
4. ഡോ. നന്ദകുമാർ കെ. വി., അഡീഷണൽ ഡയറക്ടർ (മെഡിക്കൽ), ആരോഗ്യ വകുപ്പ്
5. ശ്രീ. ബി. സുരേന്ദ്രൻപിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

6. ഡോ. മാത്യൂസ് നമ്പേലി, ആർദ്രം, സംസ്ഥാനതല എംപവേർഡ് കമ്മിറ്റി അംഗം

7. ഡോ. വി. ജിതേഷ്, എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ-കേരള & ആർദ്രം, സംസ്ഥാനതല എംപവേർഡ് കമ്മിറ്റി അംഗം

8. ഡോ. മഹേഷ് എൻ., ജോയിന്റ് കോ-ഓർഡിനേറ്റർ (ആർദ്രം)

9. ഡോ. മാത്യു ജെ. വാളംപറമ്പിൽ, എസ്.എൻ.ഒ.-ഹെൽത്ത് ആൻഡ് വെൽനസ് സെന്റർ

സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച വിഷയം ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ചാണ് സമിതി ചർച്ച ചെയ്യുന്നതെന്ന് ചെയർപേഴ്സൺ ആമുഖമായി വ്യക്തമാക്കി.

നിലവിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ ലക്ഷ്യം വയ്ക്കുന്നത് എന്താണെന്നും അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാർ എന്നിവയിൽ എന്തൊക്കെ മാറ്റങ്ങളുണ്ടാകുമെന്നും സമിതിയംഗം ആരാഞ്ഞതിന് നവകേരളം കർമ്മ പദ്ധതി-II-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ 10 കാര്യങ്ങൾ വിഭാവന ചെയ്തതിൽ പ്രധാനപ്പെട്ട ഒന്നാണിതെന്നും സംസ്ഥാനം ഹെൽത്ത് ഇൻഡക്സിൽ മുന്നിട്ട് നിൽക്കുന്നുവെങ്കിലും ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയ്ക്കാവശ്യമായ ചികിത്സ നൽകുന്നതോടൊപ്പം രോഗപ്രതിരോധ നടപടികളും കൈക്കൊള്ളേണ്ടതുണ്ട് എന്നും ജനകീയാരോഗ്യകേന്ദ്രങ്ങൾ അതിനുവേണ്ടിയാണ് ശ്രമിക്കുന്നതെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു. താഴെത്തട്ടിലുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രം പ്രവർത്തിക്കുന്നവയാണെന്നും അവയെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം കൈവരുമെന്നും ചെയർപേഴ്സൺ യോഗത്തെ അറിയിച്ചു. ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഉണ്ടാകില്ലയെന്നും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ് (MLSP), JPHN, JHI, ASHA വർക്കർ എന്നിവർ ഒരു ടീമായി നിന്നുകൊണ്ട് അവിടുത്തെ സേവനങ്ങൾ ഏകോപിപ്പിക്കുന്നതാണെന്നും ചെയർപേഴ്സൺ പറഞ്ഞു. 5409 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ജനകീയാരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ച് വ്യായാമം, യോഗ തുടങ്ങിയവ പരിശീലിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുമെന്നും "രോഗം വരാതിരിക്കാൻ ജനകീയാരോഗ്യ കേന്ദ്രങ്ങൾ" എന്നതാണ്

ടാഗ് ലൈൻ എന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ജനകീയാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണെന്നും NHM വഴി കരാർ അടിസ്ഥാനത്തിലാണ് MLSP മാരെ നിയമിക്കുന്നതെന്നും, JPHN, JHI എന്നിവർ ഗവൺമെന്റ് സർവ്വീസിൽ തന്നെയുള്ളവരായിരിക്കുമെന്നും ചെയർപേഴ്സൺ അറിയിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന വേളയിൽ ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലും പത്രങ്ങളിലും ആവശ്യമെങ്കിൽ എല്ലാ ജില്ലാ എഡിഷനുകളിലും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച് പരസ്യം നൽകണമെന്ന് സമിതി നാഷണൽ ഹെൽത്ത് മിഷന് നിർദ്ദേശം നൽകി.

ജനകീയ ആരോഗ്യ ക്ലബ്ബിനുവേണ്ടി പ്രത്യേക ഫണ്ട് ശേഖരിക്കേണ്ടതില്ലെന്നും പക്ഷേ പൊതുജനങ്ങളിൽനിന്ന് സാമഗ്രികളായും സേവനങ്ങളായും സംഭാവനകൾ സ്വീകരിക്കാവുന്നതാണെന്നും വിവിധ പ്രോഗ്രാമുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം, എൻ.എച്ച്.എം., പ്ലാൻ ഫണ്ട് എന്നിവ വഴി ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. പണമായിട്ടുള്ള സംഭാവനകൾ മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ എച്ച്.എം.സി.-യിൽ നിക്ഷേപിച്ച് ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നുള്ള നിർദ്ദേശം മാറ്റണമെന്നും ഇപ്രകാരം സ്വരൂപിക്കുന്ന പണം മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതിനായി ആരംഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പണം അവിടെത്തന്നെ വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താൻ ശ്രദ്ധിക്കണമെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

തുടർന്ന്, ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വീഡിയോ പ്രസന്റേഷൻ യോഗത്തിൽ നടത്തി.

സർക്കാർ സംവിധാനത്തിന്റെ അല്ലെങ്കിൽ പൊതുആരോഗ്യ സംവിധാനത്തിന്റെ സേവനങ്ങൾക്കുവേണ്ടിയുള്ള ഏറ്റവും താഴെത്തട്ടിലുള്ള സ്ഥാപനമാണ് ആരോഗ്യ ഉപകേന്ദ്രങ്ങളെന്നും ഒരു കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ അഞ്ചോളം ഉപകേന്ദ്രങ്ങളുണ്ടാകുമെന്നും മൂന്നുമുതൽ നാലുവരെ വാർഡുകളും മൂവായിരം മുതൽ അയ്യായിരം വരെ ജനസംഖ്യയുമാണ് ഒരു ഉപകേന്ദ്രത്തിന്റെ പരിധിയിൽ വരുന്നതെന്നും മലയോര മേഖലകളിൽ മൂവായിരം പേർക്ക് ഒരു സബ്സെന്റർ എന്നതാണ് കണക്കെന്നും JPHN, JHI, നാലോ അഞ്ചോ ആശാ പ്രവർത്തകർ എന്നിവരാണ് ഇവിടെ സേവനങ്ങൾ നൽകുന്നതെന്നും എല്ലാ ആളുകൾക്കും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ഉറപ്പാക്കുക എന്നതാണ് ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 വരെയാണെന്നും അവിടെ ചികിത്സയല്ല ഹെൽത്ത് സപ്പോർട്ടാണ്

നൽകുന്നതെന്നും ജനകീയാരോഗ്യ കേന്ദ്രത്തിലൂടെ ഒൻപത് തരം ലാബ് പരിശോധനകൾ നടത്താനും 36 തരം മരുന്നുകൾ നൽകാനും സാധിക്കുമെന്നും ഡോക്ടറുടെ കുറിപ്പടിയോടെ മാത്രം നൽകാവുന്ന മരുന്നുകൾ അവിടെനിന്നും നൽകില്ലെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ വ്യക്തമാക്കി.

ഡോക്ടറുടെയോ ഫാർമസിസ്റ്റിന്റെയോ അസാന്നിധ്യത്തിൽ മരുന്നുകൾ നൽകുന്നത് സംബന്ധിച്ച് സമിതിയംഗം ആരാഞ്ഞതിന് പ്രതിരോധ മരുന്നുകൾ മാത്രമാണ് നൽകുന്നതെന്നും ജനറൽ നഴ്സിംഗ്/ബി.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവരെയാണ് നിയമിക്കുന്നതെന്നും വാർഡുതല ക്ലിനിക്കുകൾ സജ്ജീകരിക്കുകയും ടെലി മെഡിസിൻ/ടെലി കൺസൾട്ടേഷൻ നൽകുകയും ചെയ്യുമെന്നും JHI, JPHN, MLSP, നാലോ അഞ്ചോ ആശാ പ്രവർത്തകർ എന്നിവർ ഒരു ടീമായാണ് സേവനങ്ങൾ നൽകുന്നതെന്നും അവർക്ക് ഫീൽഡുതല പരിശീലനങ്ങൾ നൽകിയിട്ടുണ്ടെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

ഡോക്ടറുടെ ആവശ്യമില്ലാത്ത ആരോഗ്യ സേവനങ്ങളാണ് മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർവഴി പ്രധാനമായും നൽകാനുദ്ദേശിക്കുന്നതെന്നും ഡോക്ടറുടെ സേവനം ആവശ്യമുള്ളവർക്ക് ടെലി കൺസൾട്ടേഷൻ സൗകര്യമുണ്ടായിരിക്കുമെന്നും ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കുമ്പോൾ ആളുകൾക്ക് ഇതിനെക്കുറിച്ചുള്ള അറിവുകൾ ലഭിക്കുമെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു.

ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി എസ്.ഡി.എഫ്. (ആസ്തി വികസന ഫണ്ട്) നൽകുന്നത് സംബന്ധിച്ച സമിതി അംഗങ്ങളുടെ സംശയങ്ങൾക്ക് ചെയർപേഴ്സൺ മറുപടി നൽകി.

ജനകീയാരോഗ്യ കേന്ദ്രങ്ങളിലൂടെ ലഭ്യമാകുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട് സമിതിയുടെ ചോദ്യങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ മറുപടി നൽകി.

എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കി ഇ-സഞ്ജീവനി സംവിധാനം ഏർപ്പെടുത്തുമെന്നും അപ്പോൾ സെന്ററിൽ വരുന്ന രോഗിക്ക് ഓൺലൈനിലൂടെ ഡോക്ടറുടെ സേവനം ലഭ്യമാക്കാനും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നിന്റെ ആദ്യഡോസ് നൽകാൻ സാധിക്കുമെന്നും പരിരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും പ്രസ്തുത സേവനം ലഭിക്കുമെന്നും കൂടുതൽ സഹായം ആവശ്യമെങ്കിൽ അവരെ പാലിയേറ്റീവ് കെയർ സെന്ററുകളുമായി ബന്ധപ്പെടുത്തുമെന്നും റഫറൻസ് സ്ലിപ്പ് നൽകുമെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

അമേരിക്ക പോലുള്ള വിദേശരാജ്യങ്ങളിൽ ഇത്തരം സിസ്റ്റമാണുള്ളതെന്നും ഫാർമസിസ്റ്റ് അല്ലെങ്കിൽ ഡോക്ടർ മാത്രമേ മരുന്ന് പ്രിസ്ക്രൈബ് ചെയ്യാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചതിനാൽ പല പ്രൈമറി ഹെൽത്ത്

സെന്ററുകളും വലിയ രീതിയിലുള്ള പ്രശ്നം നേരിട്ടുകൊണ്ടിരിക്കുകയാണെന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു.

പ്രഥമശുശ്രൂഷ, ആശുപത്രികളിൽനിന്നും ഡിസ്ചാർജ്ജ് ചെയ്ത രോഗികളുടെ തുടർപരിചരണം, ജീവിത ശൈലി രോഗസാധ്യത കണ്ടെത്തുന്നതിനുള്ള ശൈലി ആപ്പ്- പ്രധാനമായും ഹൈപ്പർടെൻഷൻ, ഡയബറ്റിസ് എന്നീ രോഗങ്ങൾ കണ്ടെത്തി തുടർചികിത്സ, COPD പോലുള്ള സംവിധാനത്തിലൂടെ ശ്വാസകോശരോഗ സാധ്യത കണ്ടെത്തുക, ജീവിതശൈലി രോഗ സങ്കീർണ്ണതയുടെ സാധ്യത കണ്ടെത്തലും നിർണ്ണയവും പല്ല്, ചെവി, കണ്ണ്, രോഗങ്ങൾവിലയിരുത്തലും പരിഹാര നിർദ്ദേശവും മാനസികാരോഗ്യത്തിന് 'ടെലി മാനസ് ' എന്ന ടെലി കൗൺസിലിംഗ് പദ്ധതി, കൂടുതൽ ചികിത്സ ആവശ്യമുള്ള രോഗികളെ മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് റഫർ ചെയ്യുക, സാന്ത്വന പരിചരണം, അർബുദത്തിന്റെ തുടർ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ അവിടെ സാധ്യമാകും. കൂടാതെ, കിടപ്പുരോഗികൾക്കാവശ്യമായ ഉപകരണങ്ങളും മുറിവ് പരിചരണത്തിനും ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും ഗർഭിണികളെ പരിശോധിക്കുന്നതിനു മുള്ള ഉപകരണങ്ങളും നെബുലൈസറുകളും ആദ്യഘട്ട കാഴ്ച പരിശോധനയ്ക്കും കുട്ടികളുടെ വളർച്ച, ഉയരം, വെയ്റ്റ് എന്നിവ പരിശോധിക്കുന്നതിനും വിളർച്ച നിർണ്ണയിക്കുന്നതിനുമുള്ള ഉപകരണങ്ങളും ലഘുരോഗ ചികിത്സക്കാവശ്യമായ തെർമോമീറ്റർ, സ്റ്റെതസ്കോപ്പ് തുടങ്ങിയവയും ജനകീയാരോഗ്യകേന്ദ്രങ്ങളിൽ ഉണ്ടായിരിക്കും. ഹീമോഗ്ലോബിൻ പരിശോധന, പ്രെഗ്നൻസി കൺഫോം ചെയ്യുന്നതിനുള്ള യൂറിൻ ടെസ്റ്റ്, ഗ്ലൂക്കോസ്, ഹിമോഗ്ലോബിൻ, പ്രോട്ടീൻ ഇവ കണ്ടെത്തുന്നതിനുള്ള യൂറിൻ ടെസ്റ്റ്, മലേറിയ ടെസ്റ്റ്, ഡെങ്കിപ്പനി ടെസ്റ്റ്, കാൻസറുമായി ബന്ധപ്പെട്ട് വിഷ്വൽ ഇൻസ്പെക്ഷൻ, ഹൈപ്പറ്റൈറ്റിസ് ബി ടെസ്റ്റ്, ഫൈലേറിയസിസ് ടെസ്റ്റ്, Water testing for faecal contamination & chlorination തുടങ്ങിയ ലാബ് പരിശോധനകളും ലഭ്യമാകും. 78 ഇനം മരുന്നുകൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യാൻ സാധിക്കുമെങ്കിലും ആദ്യഘട്ടത്തിൽ വലിയ പ്രശ്നമുണ്ടാകാത്ത 36 ഇനം മരുന്നുകളാണ് വിതരണം ചെയ്യുന്നത്. പി.എച്ച്.സി.-യുടെ സ്റ്റോക്കിൽ നിന്നും സബ്സ്റ്റോക്കായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് മരുന്നുകൾ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. മേൽ പ്രസ്താവിച്ച പ്രകാരമുള്ള സേവനങ്ങൾ ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖേന ലഭ്യമാകുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുൻപാകെ വിശദീകരിച്ചു.

ദേശീയ ആരോഗ്യ ദൗത്യത്തിൽനിന്നും ലഭിക്കുന്ന 7 ലക്ഷം രൂപ ഉപയോഗിച്ച് 508 ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുണ്ടെന്നും പതിനഞ്ചാം ധനകാര്യ കമ്മിഷനിൽനിന്നും 55 ലക്ഷം രൂപ വീതം 513 സബ്സെന്ററുകളുടെ നിർമ്മാണത്തിനായി ലഭിച്ചിട്ടുണ്ടെന്നും ഈ വർഷം 456 എണ്ണത്തിനുകൂടി തുക

ലഭിക്കുമെന്നും സ്ഥലമുണ്ടെങ്കിൽ മാത്രമേ പതിനഞ്ചാം ധനകാര്യ കമ്മിഷനിൽനിന്നും തുക അനുവദിക്കുകയുള്ളൂവെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. സ്വന്തമായി സ്ഥലമില്ലാത്ത 723 സബ്സെന്ററുകൾ കേരളത്തിലുണ്ടെന്നും വാടകക്കെട്ടിടമായതിനാൽ ഫണ്ട് ചെലവഴിക്കാൻ സാധിക്കില്ലെന്നും പല ജനകീയാരോഗ്യ കേന്ദ്രങ്ങളെയും അവയുടെ അടുത്തുള്ള ജിമ്മുകൾ, ഹെൽത്ത് ക്ലബ്ബുകൾ, നീന്തൽ/സൈക്ലിംഗ് സൗകര്യങ്ങൾ എന്നിവ ഉപയോഗിച്ചോ പുതുതായുണ്ടാക്കുന്ന സൗകര്യങ്ങളുപയോഗിച്ചോ പ്രവർത്തിപ്പിക്കാനാകുമെന്നും ഇതിന് ജനകീയ ഇടപെടൽ ആവശ്യമാണെന്നും രോഗം വന്നതിനുശേഷം ചികിത്സിക്കുക എന്ന ചിന്ത മാറി രോഗം വരാതിരിക്കുന്നതിനും വെൽനസ്സ് അല്ലെങ്കിൽ സൗഖ്യം എന്നൊരു കൺസെപ്റ്റിലേയ്ക്ക് ആളുകളെ കൊണ്ടുവരുന്നതിനും വേണ്ടിയാണ് ജനപങ്കാളിത്തത്തോടെ ജനകീയാരോഗ്യ ക്ലബ്ബുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചതെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി യോഗത്തിൽ വിശദീകരിച്ചു.

സബ്സെന്റർ സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പറാണ് ജനകീയാരോഗ്യ ക്ലബുകളിലെ ജനകീയ വെൽഫെയർ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നത്. ജനകീയാരോഗ്യ പ്രവർത്തനത്തിന് താൽപര്യമുള്ള മൂന്ന് വ്യക്തികളെക്കൂടി ഇതിൽ അംഗങ്ങളാക്കുകയും അവർ നന്നായി പ്രവർത്തിക്കുന്നില്ലെങ്കിൽ മാറ്റുകയും ചെയ്യും. പൊതുജനങ്ങളുടെ കായിക വ്യായാമ ശീലങ്ങൾ വർദ്ധിപ്പിക്കുക, നല്ല ഭക്ഷണം കഴിക്കുന്നതിനുള്ള ഇടപെടൽ നടത്തുക, രോഗമോ മറ്റ് ആരോഗ്യപ്രശ്നങ്ങളോ കാരണം മാനസിക സമ്മർദ്ദം അനുഭവിക്കുന്നവർക്ക് പാലിയേറ്റീവ് കെയർ ഉൾപ്പെടെയുള്ള പദ്ധതികൾ മുഖാന്തരം മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുക, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജീവിത ശൈലീ രോഗങ്ങൾക്ക് ശൈലീ ആപ്പ് വഴി സ്ക്രീനിംഗ് നടപ്പിലാക്കുക, ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട് ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് എന്നും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ 4055 എം.എൽ.എസ്.പി.-മാരെയാണ് നിയമിച്ചിരിക്കുന്നത് 1354 പേരെക്കൂടി നിയമിക്കുമ്പോൾ നിയമനം പൂർത്തിയാകുകയും ഇപ്രകാരം എല്ലായിടത്തും സേവനമെത്തിക്കാൻ സാധിക്കുമെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ചെയർപേഴ്സൺ നിർദ്ദേശിച്ചതുപ്രകാരം തളിപ്പറമ്പ് താലൂക്കാശുപത്രിയിൽ ക്ലിനിക്കൽ പരിശീലനം നൽകുന്നതിന്റെ ഫോട്ടോ പ്രദർശിപ്പിച്ചു.

നിയോജക മണ്ഡലങ്ങളിൽ ഉള്ള ആശുപത്രികളിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. ചെയർമാനും ഡെപ്യൂട്ടി ഡി.എം.ഒ., എൻ.എച്ച്.എം. ഉദ്യോഗസ്ഥൻ, മെഡിക്കൽ ഓഫീസർ എന്നിവരുമടങ്ങുന്ന ഹെൽത്ത് റിവ്യൂ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വടകരയിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ വർഷങ്ങൾക്കുമുൻപേ കിടത്തി ചികിത്സയും താലൂക്കാശുപത്രിയുടേതുപോലുള്ള ഭൗതികസാഹചര്യവുമുണ്ടായിരുന്നതാണെന്നും, ഇപ്പോൾ അതൊന്നുമില്ലെന്നും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും സമിതിയംഗം ആവശ്യമുന്നയിച്ചതിന് 2018-ലെ ആർദ്രം സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സയില്ലെന്നും താലൂക്കാശുപത്രി മുതലാണ് സ്പെഷ്യാലിറ്റി സർവ്വീസ് തുടങ്ങുന്നതെന്നും അതുകൊണ്ടാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് ചെയ്യാൻ സാധിക്കാത്തതെന്നും താലൂക്കാശുപത്രിതലം മുതൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ടെന്നും ഈ വർഷം എല്ലാ താലൂക്കാശുപത്രികളിലും അത് നിലവിൽ വരുമെന്നും ബാക്കിയുള്ള ഇരുപത്തിയഞ്ചോളം ആശുപത്രികളിലും ഉടൻ ആരംഭിക്കുന്ന താണെന്നും 12 ജില്ലാആശുപത്രികളിൽ കാത്ത്‌ലാബ് സജ്ജമാണെന്ന മാത്രമല്ല, കാർഡിയോളജിസ്റ്റിന്റെ സേവനവും ലഭ്യമാണെന്നും 11 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് സ്റ്റെബിലൈസേഷൻ യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നും സ്ട്രോക്ക് സംഭവിച്ച് ജനകീയാരോഗ്യകേന്ദ്രത്തിലെത്തുന്ന രോഗിയെ ഉടൻതന്നെ എല്ലാ സജ്ജീകരണവുമുള്ള ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യാൻ സാധിക്കുമെന്നും കാർഡിയോളജിസ്റ്റിന്റെ തസ്തികയില്ലെങ്കിൽപ്പോലും ഡിപ്പാർട്ടുമെന്റിലുള്ള ഡി.എം. കാർഡിയോളജി കഴിഞ്ഞവരെ കണ്ടെത്തി ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ച് കാത്ത് ലാബ് പ്രവർത്തിപ്പിക്കുന്നുണ്ടെന്നും ഈ വർഷം എല്ലാ താലൂക്ക് ആശുപത്രികളിലും കാത്ത്‌ലാബ് സജ്ജമാകുമെന്നും 2018-ൽ ആർദ്രം പദ്ധതി വന്നതുമുതലുള്ള സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചാണ് ഇതൊക്കെ ചെയ്യുന്നതെന്നും ചെയർപേഴ്സൺ മറുപടി നൽകി.

ജനകീയാരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ ക്യാമ്പയിനായി മാറ്റുന്നതിന് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും സഹായമുണ്ടാകണമെന്നും അഞ്ച് സെന്റിൽ കുറയാത്ത സ്ഥലമുണ്ടെങ്കിൽ കെട്ടിടമില്ലാത്ത ഉപകേന്ദ്രങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഹെൽത്ത് ഗ്രാന്റ് വഴി ലഭിക്കുന്ന 55 ലക്ഷം രൂപ ജനകീയാരോഗ്യ കേന്ദ്രം നിർമ്മിക്കാനായി ഉപയോഗിക്കാൻ സാധിക്കുമെന്നും സ്വന്തമായി കെട്ടിടമുള്ള ഉപകേന്ദ്രങ്ങളെ ദേശീയ ആരോഗ്യ ദൗത്യം വഴി ലഭിക്കുന്ന ഏഴ് ലക്ഷം രൂപ ഉപയോഗപ്പെടുത്തി ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കുമെന്നും

കളിസ്ഥലങ്ങളോ നീന്തൽക്കുളങ്ങളോ നിർമ്മിക്കുമ്പോൾ ആ പ്രദേശത്തിന്റെ വികസനത്തിന് ഉപകരിക്കുമെന്നും വരുംകാലങ്ങളിൽ രോഗം കുറഞ്ഞ ഒരുകൂട്ടം ആളുകളെ നമുക്ക് ലഭിക്കുമെന്നും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള ഇടപെടലോ സ്പോൺസർഷിപ്പോ സാധ്യമാകുമെങ്കിൽ അതുകൂടി ഉണ്ടാകണമെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

കേരളത്തിൽ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ അതുസംബന്ധിച്ച പരിഹാര മാർഗ്ഗങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഇന്ത്യയിൽ ഈ മേഖലയിൽ അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സ്ഥാപനങ്ങൾ സന്ദർശിക്കാനും അതിന്റെ അധികാരികളുമായി കൂടിക്കാഴ്ച നടത്തി ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിക്കാനും ഇതിന്റെ ഭാഗമായി തയ്യാറാക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയ അഖിലേന്ത്യാ പഠന പരിപാടിയുടെ കരട് അംഗീകരിച്ചു.

(1) National Institute for Implementation Research on Non- Communicable Diseases (ICMR NIIRNCD) Jodhpur, Rajasthan

(2) National Institute of Virology, (ICMR-NIV), Pune, Maharashtra

3) The Advanced Centre for Treatment, Research and Education in Cancer (ACTREC) Kharghar, Navi Mumbai, Maharashtra

4) TATA Memorial Hospital, Parel, Mumbai, Maharashtra

യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

## 8-8-2023-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2023 ആഗസ്റ്റ് മാസം 8-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.10-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽ കുമാർ

3. ശ്രീമതി സി. കെ. ആശ

4. ശ്രീ. പി. കെ. ബഷീർ

5. ശ്രീമതി ദെലീമ

6. ശ്രീ. ജോബ് മൈക്കിൾ

7. ശ്രീമതി യു. പ്രതിഭ

8. ശ്രീമതി കെ. കെ. രമ

9. ഡോ. സുജിത് വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

2. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

3. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

4. ശ്രീ. പുഷ്പാംഗദൻ റ്റി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

2. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി മിനി എം, അഡീഷണൽ സെക്രട്ടറി, എച്ച് & എഫ്.ഡബ്ല്യു.ഡി

4. ഡോ. എ. ഷിബുലാൽ, ജനറൽ മാനേജർ, കെ.എം.എസ്.സി.എൽ.

5. ശ്രീമതി ബിന്ദു സി. എം., ജോയിന്റ് സെക്രട്ടറി, എൻ.എച്ച്.എം.

6. ശ്രീമതി ബിന്ദു സി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

7. ശ്രീ. കെ. അനിൽ കുമാർ, ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) എസ്.എച്ച്.എ.

8. ശ്രീമതി അനീഷ കുമാരി എം.സി., എൻ.എച്ച്.എം.-ഫിനാൻസ്, സ്റ്റേറ്റ് അക്കൗണ്ട്സ് മാനേജർ

9. ഡോ. കെ. സുജിത് കുമാർ, ഡ്രഗ്സ് കൺട്രോളർ (ഇൻചാർജ്)

10. ശ്രീ. ടോമി ഡെന്നീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ICCONS

11. ശ്രീ. രാജേഷ് കെ. പി., കെ.യു.എച്ച്.എസ്.

12. ശ്രീ. ബി. മോഹനൻ നായർ, എം.സി.സി.

13. ശ്രീ. വി. ആർ. വിനോദ്, ഫുഡ് സേഫ്റ്റി കമ്മീഷണർ

14. ഡോ. ടി. ഡി. ശ്രീകുമാർ, ഡി.എ.എം.ഇ.

സർക്കാരിൽനിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ, സമിതിയുടെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവയും 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ :

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നം. 12924/സബ്.സി.എഫ്.2/2022/നി.സെ.)

ആരോഗ്യ കുടുംബക്ഷേമ (പി), ആരോഗ്യ കുടുംബക്ഷേമ (കെ), ആരോഗ്യ കുടുംബക്ഷേമ (ബി), ആരോഗ്യ കുടുംബക്ഷേമ (എഫ്), ആരോഗ്യ കുടുംബക്ഷേമ (എം), ആയുഷ് (ബി) എന്നീ വകുപ്പുകൾ യഥാക്രമം ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. കാലതാമസ പത്രികകൾ :

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള കാലതാമസ പത്രികകൾ

(ഫയൽ നം. 3627/സബ്.സി.എഫ്2/2019/നി.സെ.)

ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പീരിയോഡിക്കൽ റിപ്പോർട്ട് - കരട് :

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 11382/സബ്.സി.എഫ്2/2023/നി.സെ.)

പീരിയോഡിക്കൽ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. ആക്ഷൻ ടേക്കൺ റിപ്പോർട്ട് - കരട് :

2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 12924/സബ്.സി.എഫ്2/2022/നി.സെ.)

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. ബിൽ :

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

(ഫയൽ നം. 13580/സബ്.സി.എഫ്2/2023/നി.സെ.)

ഖണ്ഡം 2 (ഡി) ഒഴിവാക്കി നിലവിലെ '(ഇ)' ഖണ്ഡം '(ഡി)' ആയി പുനഃക്രമീകരിക്കാൻ സമിതി തീരുമാനിച്ചു.

3-ാം ഖണ്ഡം താഴെപറയും പ്രകാരം ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

(i) ഖണ്ഡം 3(എ)-യിൽ പറഞ്ഞിട്ടുള്ള "ആരോഗ്യരക്ഷാ സേവന പ്രവർത്തകനെ അധിക്ഷേപിക്കണമെന്നോ അവഹേളിക്കണമെന്നോ തരംതാഴ്ത്തണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി ഏതെങ്കിലും വാക്കുകൾ ഉച്ചരിക്കുകയാണെങ്കിൽ മൂന്നുമാസം വരെയാകാവുന്ന വെറുംതടവിനും അല്ലെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും അല്ലെങ്കിൽ രണ്ടിനുംകൂടിയും ശിക്ഷിക്കപ്പെടാവുന്നതാണ്" എന്ന വ്യവസ്ഥ രോഗികളെയും കൂട്ടിരിപ്പുകാരെയും ആരോഗ്യ സേവന രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരെയും നിസ്സാരകാര്യങ്ങൾക്ക് കേസിൽ ഉൾപ്പെടുത്തുന്ന സാഹചര്യമൊരുക്കാനും ദുരുപയോഗപ്പെടാനും കാരണമാകാൻ സാധ്യതയുള്ളതിനാൽ ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(1)(i) ഒഴിവാക്കണമെന്ന ഭൂരിപക്ഷാംഗങ്ങളുടെ നിർദ്ദേശം പരിഗണിച്ച് ആയത് ഒഴിവാക്കുക.

(ii) നിലവിലെ ഇനം (ii) ഇനം (i) ആയി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത ഇനം (i)-ൽ നിന്നും, "ഇനം (i)-ൽ വിനിർദ്ദേശിച്ചിട്ടുള്ള കുറ്റം ഒഴികെയുള്ള" എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുകയും ചെയ്യുക.

(iii) നിലവിലെ ഇനം (iii) ഇനം (ii) ആയി പുനരക്കം ചെയ്യുക.

(iv) (സി) ഉപഖണ്ഡ പ്രകാരം ചേർക്കുന്ന 4-ാം ഉപവകുപ്പിൽ "(ii)-ഉം (iii)-ഉം ഇനങ്ങളിലെ" എന്ന വാക്കുകൾ ഒഴിവാക്കുക.

'സ്പെഷ്യൽ കോർട്ട്' എന്ന വാക്കുകൾക്കു പകരം 'സെഷൻസ് കോർട്ട് ' എന്ന വാക്കുകൾ ചേർക്കുന്നതായിരിക്കും ഉചിതമെന്ന നിയമസഭാ സെക്രട്ടറിയുടെ നിർദ്ദേശം നിയമ വകുപ്പ് സെക്രട്ടറി അംഗീകരിച്ചതിനെ തുടർന്ന്, ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന 4 (എ) വകുപ്പിലെ ഇനം (iii)-ൽ "ക്ഷമതയുള്ള കോടതിയെ" എന്നതിനുപകരം "സെഷൻസ് കോടതിയെ" എന്ന് ചേർക്കാൻ സമിതി തീരുമാനിച്ചു.

താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ബില്ലിലെ ചില വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തി.

1. ശ്രീ. എ. പി. അനിൽ കുമാർ

2. ശ്രീ. പി. കെ. ബഷീർ

3. ശ്രീമതി കെ. കെ. രമ

(യോഗം വൈകുന്നേരം 6.15-ന് പിരിഞ്ഞു.)

## 10-8-2023-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2023 ആഗസ്റ്റ് 10-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.40 മണിക്ക് നിയമസഭാ മന്ദിരത്തിലെ 604-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഒ. എസ്. അംബിക.
2. ശ്രീ. എ. പി. അനിൽകുമാർ.
3. ശ്രീ. പി. കെ. ബഷീർ.
4. ശ്രീ. ജോബ് മൈക്കിൾ.
5. ശ്രീമതി കെ. കെ. രമ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി.

1. ശ്രീമതി രഹന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി ബിന്ദു സി. എം., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീമതി ഷിജി വി.,അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്.

4. ഡോ. തോമസ് മാത്യു, DME.

5. ശ്രീമതി മിനി എം., അഡീഷണൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്.

6. ശ്രീ. മനോജ് കെ., ഡെപ്യൂട്ടി സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

ശ്രീ. എ. പി. അനിൽകുമാർ.

ശ്രീ. പി. കെ. ബഷീർ.

ശ്രീമതി കെ. കെ. രമ.

(യോഗം വൈകുന്നേരം 4.55 മണിക്ക് പിരിഞ്ഞു.)

## 3-1-2024-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2024 ജനുവരി 3-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽകുമാർ
3. ശ്രീമതി ദെലീമ
4. ശ്രീ. ജോബ് മൈക്കിൾ
5. ശ്രീമതി കെ. കെ. രമ
6. ഡോ. സുജിത് വിജയൻപിള്ള.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം :

ശ്രീ. പി. കെ. ബഷീർ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി എം., അഡീഷണൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

2. ശ്രീ. സുഭാഷ് ആർ., അഡീഷണൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

3. ശ്രീമതി മിനിമോൾ വി. ജി., അഡീഷണൽ സെക്രട്ടറി, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്.

4. ശ്രീമതി ബിന്ദു സി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീ. വി. പി. ശ്രീജിത്ത്, ജോയിന്റ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

6. ശ്രീമതി സീമ എസ്., ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്.

7. ഡോ. റീന കെ. ജെ., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

8. ഡോ. തോമസ് മാത്യൂ, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

9. ഡോ. എം. എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്.

10. ഡോ. കെ. എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്, നാഷണൽ ആയുഷ് മിഷൻ.

11. ശ്രീ. ജീവൻ ബാബു കെ., സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ.

12. ഡോ. സനിൽകുമാർ ജെ. ജി., സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്.

13. ശ്രീ. കെ. ആർ. ബാലസുബ്രഹ്മണ്യൻ, രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ്, തിരുവനന്തപുരം.

14. ഡോ. രാഹുൽ യു. ആർ., സ്റ്റേറ്റ് നോഡൽ ഓഫീസർ (ചൈൽഡ് ഹെൽത്ത്), നാഷണൽ ഹെൽത്ത് മിഷൻ.

15. ശ്രീമതി ശ്രീകല ആർ., അണ്ടർ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

16. ഡോ. ഹരികുമാർ എസ്., അസിസ്റ്റന്റ് ഡയറക്ടർ (പി.എച്ച്.), ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്.

17. ശ്രീ. ബിപിൻദാസ് വൈ., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടറേറ്റ്.

18. ഡോ. ബിലാൽ എസ്. ആർ., അസിസ്റ്റന്റ് പ്രൊഫസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്.

19. ശ്രീമതി ജയ വി. വി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.

സമിതി, കാര്യവിവരപ്പട്ടികയിലെ ഇനങ്ങൾ ഓരോന്നായി പരിഗണിക്കുകയും ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാരിൽ നിന്ന് ലഭ്യമാക്കാൻ ശേഷിക്കുന്ന 4 കരട് ചട്ടങ്ങൾ സംബന്ധിച്ചും സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ പുറപ്പെടുവിച്ച രണ്ട് ചട്ടങ്ങൾ സംബന്ധിച്ചുമുള്ള വിഷയങ്ങളും ചട്ടം 235 (എ) പ്രകാരമുള്ള 'ആദിവാസി മേഖലയിലെ ആരോഗ്യ സുരക്ഷ' സംബന്ധിച്ച വിഷയവുമാണ് ചർച്ച ചെയ്യുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ആമുഖമായി അറിയിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി പരിഗണിക്കുന്ന ചട്ടങ്ങളുടെ പകർപ്പ് സമിതിയോഗം ചേരുന്നതിന് രണ്ട് ദിവസം മുൻപെങ്കിലും ലഭ്യമാക്കിയാൽ മാത്രമേ ചട്ടങ്ങളിലെ ന്യൂനതകൾ കണ്ടെത്തി അത് സമിതി മുമ്പാകെ അംഗങ്ങൾക്ക് അവതരിപ്പിക്കാനും ന്യൂനത പരിഹരിക്കാനും സാധിക്കുകയുള്ളൂ എന്നും നേരത്തെ പുറപ്പെടുവിച്ച ചട്ടങ്ങൾ സമയബന്ധിതമായി അംഗങ്ങൾക്ക് നല്കാതിരിക്കുന്നത് അംഗീകരിക്കാൻ സാധിക്കുകയില്ലെന്നും സമിതി അഭിപ്രായപ്പെടുകയും ഇനിയും ലഭ്യമാക്കാനുള്ള കരട് ചട്ടങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് ആരായുകയും ചെയ്തു.

കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണെന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കൂടാതെ പുറപ്പെടുവിച്ച ചട്ടങ്ങളുടെ കാര്യത്തിൽ പ്രസ്തുത ചട്ടങ്ങിന്മേലുള്ള കാലതാമസപത്രികയും വിശദീകരണകുറിപ്പും കൂടി ചേർത്ത് മാത്രമേ അവ സാധൂകരണത്തിനായി സമിതി മുൻപാകെ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

തുടർന്ന് സമിതി കാര്യവിവരപ്പട്ടികയിലെ ഇനങ്ങൾ പരിഗണനയ്ക്കെടുത്തു.

## I. യഥാസമയം ചട്ടങ്ങൾ/വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയം

(a) സമയബന്ധിതമായി ലഭ്യമാക്കാത്ത ചട്ടങ്ങൾ :

1. കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് (ടീച്ചിംഗ്) സ്പെഷ്യൽ റൂൾസ് കരട് ചട്ടം

(ഫയൽ നം. 11784/സബ്.സി.എഫ്.2/2011/നി.സെ.)

കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് (ടീച്ചിംഗ്) സ്പെഷ്യൽ റൂൾസ് കരട് ചട്ടം സംബന്ധിച്ച് വകുപ്പിന് എന്താണ് പറയാനുള്ളതെന്ന് സമിതി ചോദിച്ചതിന് പ്രസ്തുത സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ഫയലിന്മേൽ പി.എസ്.സി.യുടെ അംഗീകാരം ലഭ്യമാകുകയും നടപടികൾ അവസാന ഘട്ടത്തിൽ എത്തി നില്ക്കുകയുമാണെന്നും ചട്ടങ്ങൾ ഉടൻ തന്നെ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കുന്നതാണെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് (ടീച്ചിംഗ്) സ്പെഷ്യൽ റൂൾസ്, 2007 മായി ബന്ധപ്പെട്ട ഫയൽ 2009-ൽ ആരംഭിച്ചതായും നാഷണൽ മെഡിക്കൽ കമ്മീഷൻ പലതവണ യോഗ്യതകൾ മാറ്റി നിശ്ചയിച്ചതിനാൽ അതനുസരിച്ച് ഫയൽ നടപടികളും മാറ്റികൊണ്ടിരുന്നതായും നിരീക്ഷിച്ച സമിതി, 2009-ൽ ആരംഭിച്ച ഫയൽ നടപടികൾ നാളിതുവരെ പൂർത്തീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തി.

ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ചില ചട്ടങ്ങൾ രൂപീകരിക്കേണ്ട വിഷയം ഇപ്പോൾ സമിതിയുടെ പരിഗണനയ്ക്കായി തെരെഞ്ഞെടുത്തതെന്നും കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളവ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വകുപ്പ് വ്യക്തമായി അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് (ടീച്ചിംഗ്) സ്പെഷ്യൽ റൂൾസ്, സംബന്ധിച്ച ഫയൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ റിപ്പോർട്ട് വച്ച് വീണ്ടും പരിശോധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന് ടി കരട് ചട്ടത്തിന്റെ പരിശോധനകൾ പൂർത്തീകരിച്ച് ആയത് അടുത്ത സമിതി യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2. കേരള ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ് റൂൾസ്) കരട് ചട്ടം

(ഫയൽ നം. 5065/സബ്.സി.എഫ്2/2018/നി.സെ.)

പ്രസ്തുത കരട് ചട്ടം സംബന്ധിച്ച് വിവിധ സംഘടനകളുമായി ചർച്ച നടത്തുകയും അതിനനുസരിച്ച് ഡ്രാഫ്റ്റ് തയ്യാറാക്കി പി.&എ.ആർ.ഡി. വിഭാഗത്തിന് കൈമാറുകയും അവരുടെ ഭേദഗതികൾ ഉൾപ്പെടുത്തി വീണ്ടും ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയ്ക്ക് നൽകിയിരിക്കുകയുമാണെന്നും പ്രസ്തുത പരിശോധനയ്ക്ക് ശേഷം ആരോഗ്യം, നിയമം, പി.&എ.ആർ.ഡി. എന്നീ വകുപ്പ് സെക്രട്ടറിമാരുടെ സംയുക്ത പരിശോധനയ്ക്ക് സമർപ്പിച്ച് പി.&എ.ആർ.ഡി. വിഭാഗത്തിന്റെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി ഫൈനൽ ഡ്രാഫ്റ്റ് തയ്യാറാക്കി നിയമ വകുപ്പിന് കൈമാറുകയും തുടർന്ന് പി.എസ്.സി.-യുടെ അംഗീകാരം വാങ്ങിയ ശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്യുന്ന നടപടിയാണ് ഇനി ശേഷിക്കുന്നത് എന്ന് ആരോഗ്യ കുടുംബക്ഷേമ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

ഈ വിഷയത്തിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് വ്യക്തമാകുന്നത് എന്ന് അഭിപ്രായപ്പെട്ട സമിതി, ടി കരട് ചട്ടം സമിതി മുമ്പാകെ എന്ന് സമർപ്പിക്കാനാകുമെന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടു. പി.എസ്.സി.യുടെ പരിശോധന പൂർത്തിയാക്കുന്നതിന് സമയമെടുക്കും എന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകിയതിന്, പ്രസ്തുത കരട് ചട്ടം 2024 ഏപ്രിൽ മാസത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകി.

3. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) കരട് ചട്ടം

(ഫയൽ നം. 842/സബ്.സി.എഫ്2/2020/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച് ഡി.എം.ഇ.യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു കരട് ചട്ടം രൂപീകരിക്കുകയും ആയത് നിയമ വകുപ്പിന് സമർപ്പിക്കുകയും നിയമ വകുപ്പ് തിരുത്തലുകൾ വരുത്തിയ ശേഷം വീണ്ടും വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്ന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് സമിതിക്ക് രേഖാമൂലം ഒരു മറുപടിയും നൽകാത്തത് സമിതിയെ അവഹേളിക്കുന്നതിന് തുല്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. സമിതി

ആവശ്യപ്പെടുന്ന വിവരങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ അവയുടെ നിലവിലെ സ്ഥിതി, ഇനി വകുപ്പ് സ്വീകരിക്കേണ്ട നടപടികളെന്തെല്ലാം എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ടാണ് സമിതി മുമ്പാകെ സമർപ്പിക്കേണ്ടതെന്നും ഈ വിഷയത്തിൽ വകുപ്പ് കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും സമിതി വ്യക്തമാക്കി. പ്രസ്തുത കരട് ചട്ടം അടിയന്തരമായി സമിതിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പിന് സമിതി നിർദ്ദേശം നൽകി.

4. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്-കരട് ചട്ടം

(ഫയൽ നം. 323/സബ്.സി.എഫ്2/2022/നി.സെ.)

പ്രസ്തുത കരട് ചട്ടം തയ്യാറാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണെന്നും മൂന്ന് സ്കീമുകളിലെയും പ്രാക്ടീഷണേഴ്സ് ഉൾപ്പെടെ എല്ലാവരെയും വിളിച്ച് യോഗം ചേർന്ന് ചട്ടങ്ങൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും താമസിയാതെ ചട്ടങ്ങൾ ജോയിന്റ് കൗൺസിലിൽ സമർപ്പിക്കുന്നതാണെന്നും ആയതിന് അംഗീകാരം ലഭിച്ചാലുടൻ സർക്കാരിലേയ്ക്ക് അയക്കുമെന്നും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ സമിതിയെ അറിയിച്ചു.

നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും കരട് ചട്ടങ്ങൾ സമിതിയുടെ പരിശോധനയ്ക്കായി നൽകിയില്ലെന്നാണ് നിയമസഭാ സെക്രട്ടേറിയറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും ചട്ടങ്ങൾ സംബന്ധിച്ച സ്ഥിതിവിവരം രേഖാമൂലം സമിതിയെ അറിയിക്കേണ്ടതായിരുന്നെന്നും സമിതി ചൂണ്ടിക്കാട്ടി. ആയതിന്, പ്രസ്തുത വിവരം ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ഇനി കാലതാമസം ഉണ്ടാകില്ലെന്നും കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ സമിതിയെ അറിയിച്ചു.

സാംക്രമിക രോഗങ്ങൾ സംബന്ധിച്ചും പൊതുജനാരോഗ്യം സംബന്ധിച്ചും രണ്ട് നിയമങ്ങൾ കൂടി നിയമസഭ പാസ്സാക്കിയിട്ടുണ്ടെന്നും പൊതുജനാരോഗ്യ നിയമത്തിന്റെ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുന്നതിനുള്ള നടപടികളാരംഭിക്കണമെന്നും കൂടാതെ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളായ കേരള ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ് റൂൾസ്) കരട് ചട്ടം, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) കരട് ചട്ടം, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്- കരട് ചട്ടം എന്നിവ പരിശോധനയ്ക്കായി 2024 ഏപ്രിൽ മാസം തന്നെ സമിതിക്ക് സമർപ്പിക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകി.

(b) സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ പുറപ്പെടുവിച്ച ചട്ടങ്ങൾ/ സാധൂകരണത്തിനുള്ള ചട്ടങ്ങൾ

1. മെന്റൽ ഹെൽത്ത് കെയർ (കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി) റൂൾസ് 2023

(ഫയൽ നം. 9870/സബ്.സി.എഫ്2/2023/നി.സെ.)

2. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ 13(1) & 52 എന്നീ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ടതായ ഏറ്റവും കുറവ് നിലവാരം നിർണ്ണയിക്കുന്ന വിജ്ഞാപനം

(ഫയൽ നം. 8608/സബ്.സി.എഫ്2/2023/നി.സെ.)

സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അവ പുറപ്പെടുവിച്ച് 30 ദിവസത്തിനകം സമിതിയുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ അവ സമർപ്പിക്കാത്ത പക്ഷം അതിനുള്ള കാരണം വിശദമാക്കുന്ന കാലതാമസപത്രിക കൂടി സമർപ്പിക്കേണ്ടതുമാണ് എന്നിരിക്കെ, മെന്റൽ ഹെൽത്ത് കെയർ (കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി) റൂൾസ് 2023-മായി ബന്ധപ്പെട്ട ചട്ടം 20-4-2023-ലെ 502/23 നം. എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചുവെങ്കിലും അവയുടെ സാധൂകരണത്തിനായി വിശദീകരണക്കുറിപ്പ് സഹിതം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത് 8-6-2023-ന് മാത്രമായിരുന്നുവെന്നും പ്രസ്തുത എസ്.ആർ.ഒ.-യോടൊപ്പം സമർപ്പിക്കേണ്ട കാലതാമസപത്രിക ലഭ്യമാക്കിയിരുന്നില്ലെന്നും സമിതി നിരീക്ഷിച്ചു. കൂടാതെ, 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പ്രകാരം രൂപീകരിച്ച ചട്ടങ്ങൾ 20-4-2023-ൽ ഗസറ്റ് വിജ്ഞാപനം ചെയ്തിരുന്നെങ്കിലും പ്രസ്തുത എസ്.ആർ.ഒ. സമിതിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കിയത് 23-5-2023-ന് ആയിരുന്നെന്നും കാലതാമസപത്രിക, വിശദീകരണ ക്കുറിപ്പ്, ചട്ടങ്ങൾ രൂപീകരിക്കാൻ അടിസ്ഥാനമായ അസ്സൽ ആക്റ്റ് എന്നിവ അവയോടൊപ്പം ലഭ്യമാക്കിയിരുന്നില്ലെന്നും സമിതി വിലയിരുത്തി.

സബ്ജക്ട് കമ്മിറ്റി മുമ്പാകെ രേഖകൾ സമർപ്പിക്കുന്നതിൽ വകുപ്പ് കൂടുതൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ മേൽപ്പറഞ്ഞ എസ്.ആർ.ഒ.കൾ സമിതി സാധൂകരിച്ചു.

(c) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ :

1. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 07/സബ്.സി.എഫ്2/2019/നി.സെ.)

2. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 363/സബ്.സി.എഫ്2/2020/നി.സെ.)

3. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നം. 104/സബ്.സി.എഫ്2/2021/നി.സെ.)

നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഒന്നും തന്നെ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ലെന്നും കാലതാമസപത്രികകൾ ലഭ്യമാക്കിയിട്ടില്ലെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ചൂണ്ടിക്കാട്ടി. 2018-19-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് 5 വർഷത്തിന് ശേഷവും നൽകിയിട്ടില്ലെന്നുള്ളത് വളരെ ഗൗരവതരമാണെന്ന് സമിതി വിലയിരുത്തി. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ വകുപ്പുകളിൽ നിന്നും ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ടെന്നും ഈ വിഷയം പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പ് മേധാവിമാരുടെ ഒരു യോഗം വിളിച്ചിരുന്നെന്നും വകുപ്പ് മേധാവികൾ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് കാരണമാണ് സമിതിയുടെ പരിഗണനയ്ക്കായി ആയവ സമർപ്പിക്കാൻ വൈകുന്നതെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നടപ്പുസാമ്പത്തിക വർഷം നാലാം പാദത്തിലേയ്ക്ക് കടന്നിരിക്കെ ഇതുവരെയുള്ള ബഡ്ജറ്റ് വിഹിതം എത്ര ചെലവഴിച്ചുവെന്നുള്ളതിന്റെ വിവരം വകുപ്പിന്റെ കൈവശം നിശ്ചയമായും ഉണ്ടാകുമെന്നും ആയത് നാളിതുവരെ സമിതിക്ക് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞു. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേയ്ക്ക് നിയമസഭാ സെക്രട്ടേറിയറ്റും വകുപ്പും തമ്മിൽ കുറച്ചുകൂടി ആശയവിനിമയം നടത്തണമെന്നും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകണമെന്നും സമിതി വ്യക്തമാക്കി.

## II. ആദിവാസി മേഖലയിലെ ആരോഗ്യ സുരക്ഷ സംബന്ധിച്ച് ചട്ടം 235(എ) പ്രകാരമുള്ള ചർച്ച

(ഫയൽ നമ്പർ 17336/സബ്.സി.എഫ് 2/2023/നി.സെ.)

ആദിവാസി മേഖലയിലെ ആരോഗ്യ സുരക്ഷയ്ക്കായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ആദിവാസി മേഖലയിൽ സമഗ്രമായ പ്രാഥമികാരോഗ്യ സേവനങ്ങൾ നൽകുന്നുണ്ടെന്നും കുട്ടികളിലെയും ഗർഭിണികളിലെയും

പോഷാകാഹാരക്കുറവ്, വിളർച്ച എന്നിവ തടയാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും ഗർഭകാല-പ്രസവ-പ്രസവാനന്തര പരിചരണവും പ്രതിരോധ കുത്തിവയ്പ്പുകളും നൽകുന്നുണ്ടെന്നും ആദിവാസി ഊരുകളിലെ ആദിവാസി ഗോത്ര വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ആദിവാസി സ്ത്രീകളുടെ ഇടയിൽനിന്നും ഊരുമിത്രം വഴി പരിശീലനം നൽകിയ Hamlet ആശാവർക്കർമാരെ നിയമിച്ചിട്ടുണ്ടെന്നും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകാത്ത സ്ഥലങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് മുഖേന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ദേശീയാരോഗ്യദൗത്യം എന്നിവ മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും പകർച്ചേതരവ്യാധികൾ, അർബുദം, സാംക്രമിക രോഗങ്ങൾ എന്നിവ കണ്ടുപിടിക്കുന്നതിനും തുടർപരിചരണം നൽകുന്നതിനും ഇ-ഹെൽത്ത്/സി-ഡാക് മുഖേനയുള്ള 'SHAILI Application' പോലുള്ള വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വരുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദമാക്കി.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന 'Digitally Connected Tribal Colonies' പദ്ധതി മുഖേന C-DAC-മായി ചേർന്ന് ആധുനിക ക്യാൻസർ സ്ക്രീനിംഗ് സംവിധാനം വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ടെന്നും സെക്കൻഡറി ആൻഡ് ടെർഷ്യറി കെയർ സർവ്വീസുകളിൽ താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും വകുപ്പ് നടപ്പിലാക്കുന്ന 'Comprehensive Healthcare Project for Scheduled Tribes' മുഖേന ആശുപത്രികൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു. കൂടാതെ, ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രികളായ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രി എന്നിവകളിൽ ആദിവാസികൾക്ക് മികച്ച സേവനങ്ങൾ നൽകുന്നുണ്ടെന്നും അടിസ്ഥാന സൗകര്യ വികസനവും സേവനങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ ആദിവാസി മേഖലയിലുള്ള വിവിധ ആശുപത്രികൾക്ക് NQAS Certification ലഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം അരിവാൾ രോഗം (Sickle Cell Disease) കണ്ടുപിടിക്കുന്നതിനും അതിനാവശ്യമായ ചികിത്സ നടത്തുന്നതിനും ട്രൈബൽ മേഖലയിൽ മിഷൻ മോഡിൽ പ്രവർത്തനം നടത്തുകയും ഡിജിറ്റൽ ഡേറ്റാബേസ് രൂപീകരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഡയറക്ടർ വെളിപ്പെടുത്തി.

ട്രൈബൽ മേഖലയിൽ 195 ആരോഗ്യ സ്ഥാപനങ്ങളിലൂടെയാണ് സേവനങ്ങൾ നൽകുന്നതെന്നും അതിൽ 50 സ്ഥാപനങ്ങളിൽ നിലവിൽ ഐ.പി. സംവിധാനമുണ്ടെന്നും

18 സ്ഥാപനങ്ങളിൽ പ്രസവം/പ്രസവാനന്തര സേവനങ്ങൾ നൽകുന്നുണ്ടെന്നും വയനാട്, പാലക്കാട് ജില്ലകളിൽ പോഷകാഹാരക്കുറവുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേകം ന്യൂട്രീഷ്യണൽ ഹബ് പ്രവർത്തിക്കുന്നുണ്ടെന്നും 46 മൊബൈൽ യൂണിറ്റുകളുള്ളതിൽ ദേശീയ ആരോഗ്യ ഏജൻസിക്ക് ഇരുപതും പട്ടികവർഗ്ഗ വകുപ്പിന് പതിനാലും, ആരോഗ്യ വകുപ്പിന് പന്ത്രണ്ടും യൂണിറ്റുകളാണുള്ളതെന്നും കൂടാതെ വിവിധ ജില്ലകളിൽ പല സ്ഥലങ്ങളിലായി 131 മാനസികാരോഗ്യ ക്യാമ്പുകൾ നടത്തിയിട്ടുണ്ടെന്നും ഡയറക്ടർ അറിയിച്ചു.

ആദിവാസി മേഖലയിലെ ആരോഗ്യസുരക്ഷ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ചും ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

പോഷകാഹാരം, കുടിവെള്ളം, സാനിട്ടറി സൗകര്യങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ടെന്നും നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും പരിചരണത്തിന് മുൻതൂക്കം കൊടുക്കേണ്ടതുണ്ടെന്നും ആദിവാസി മേഖലയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നിയന്ത്രിക്കേണ്ടതുണ്ടെന്നും മാനസികാരോഗ്യ സേവനങ്ങൾ കൂടുതലായി നൽകേണ്ടതുണ്ടെന്നും ക്ഷയം, കുഷ്ഠം, ഹൈപ്പറ്റൈറ്റിസ് തുടങ്ങിയ പകർച്ചവ്യാധികളുടെ നിർമ്മാർജ്ജനവും നിയന്ത്രണവും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ടെന്നും അരിവാൾ രോഗം, മറ്റ് ജനിതക അസുഖങ്ങൾ എന്നിവയുടെ ചികിത്സയും നിയന്ത്രണവും ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും നായ, പാമ്പ്, മറ്റ് മൃഗങ്ങൾ എന്നിവയുടെ ആക്രമണം ഏൽക്കുന്നവർക്കുള്ള അടിയന്തര ചികിത്സയും പരിചരണവും ഉറപ്പുവരുത്തേണ്ടതുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിൽ സ്പെസിഫിക് ആയിട്ടുള്ള കാര്യങ്ങൾ നടത്തുന്നുണ്ടെന്നും വയനാടിലെ സിക്കിൾ സെൽ അനീമിയ രോഗികളെ പോയിന്റ് ഓഫ് കെയർ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും സമിതി നിരീക്ഷിച്ചു. ആദിവാസി മേഖലയെ പ്രത്യേകമായി ഫോക്കസ് ചെയ്തുകൊണ്ടുള്ള 'വിവ പ്രോഗ്രാം' (വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക്) ഈ വർഷം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ സമിതി, ഉണ്ടെങ്കിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് പരിശോധിക്കണമെന്നും പൊതുവെ വിളർച്ച കൂടുതലായി കാണുന്ന ട്രൈബൽ മേഖലകളിൽ അതിന്റെ ശതമാനം കണക്കാക്കണമെന്നും നിർദ്ദേശിച്ചു. കൂടാതെ ആഹാരത്തിൽ വന്ന മാറ്റവും, അയൺ ടാബ്ലെറ്റുകളുടെ ഉപയോഗവുംമൂലം വന്നിട്ടുള്ള വ്യത്യാസം വ്യക്തമാക്കുന്നതിന് അവരുടെ HB അളവ് കൃത്യമായ ഇടവേളകളിൽ ഡോക്ടർമാരുടെ നിർദ്ദേശമനുസരിച്ച് പരിശോധിച്ച് എത്ര സമയത്തിനുള്ളിൽ HB കൂട്ടും എന്നത് കണ്ടെത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഓരോ ഊരിലേയും ആരോഗ്യസംബന്ധിയായ വിവരങ്ങൾ വകുപ്പിൽ ലഭ്യമായിരിക്കേണ്ടതിന്റെ ആവശ്യകത സമിതി വ്യക്തമാക്കി. കോട്ടത്തറ ആശുപത്രിയിൽ

രോഗികളുടെ എണ്ണം കുറഞ്ഞുവരികയാണെന്നും വിദഗ്ദ്ധ ഡോക്ടർമാർ ഇല്ലാത്തതുകാരണം സേവനങ്ങൾ അവിടെ ലഭ്യമാകുന്നില്ലായെന്നുള്ള പരാതിയുണ്ടെന്നും ഇപ്പോൾ അവിടെ വരുന്ന കേസുകളെല്ലാം തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയാണെന്നും അങ്ങനെ റഫർ ചെയ്തുവരുന്ന രോഗികൾക്ക് ഭാഷ പ്രശ്നമാണെന്നും അതുകൊണ്ട് ആദിവാസി മേഖലകളിലെ ഭാഷ അറിയുന്ന എസ്.ടി. പ്രൊമോട്ടർമാർക്ക് ഈ മെഡിക്കൽ കോളേജുകളിൽ നിയമനം നൽകുന്നകാര്യം പരിശോധിക്കണമെന്നും ഒരു സമിതി അംഗം അഭിപ്രായപ്പെട്ടു. കോട്ടത്തറ ആശുപത്രിയിൽ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലെന്ന പരാതി നിലനിൽക്കുന്നുണ്ടെന്നും ആദിവാസികൾ ഊരുകളിലുള്ള സമയത്ത് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ അവിടെ പോയാൽ മാത്രമേ അവർക്ക് കൃത്യസമയത്ത് മരുന്നുകൊടുക്കാനും ചികിത്സ നൽകാനും സാധിക്കുകയുള്ളൂവെന്നും ആദിവാസികൾക്ക് ടൈപ്പ്-1 ഇൻസുലിൻ ലഭിക്കുന്നില്ലെന്നും ഇൻസുലിൻ ലഭ്യമാകുന്ന ആദിവാസികൾക്ക് അത് സൂക്ഷിക്കാനുള്ള സൗകര്യവുമില്ലയെന്നും കൂടാതെ, സിക്കിൾസെൽ അനീമിയ രോഗത്തിനുള്ള മരുന്ന് ലഭിക്കുന്നില്ലെന്നുമുള്ള പരാതികളുണ്ടെന്നും ഈ മേഖലയിൽ പോഷകാഹാരക്കുറവുകൊണ്ട് ശിശുമരണങ്ങൾ ഇപ്പോഴുമുണ്ടാകുന്നുണ്ടെന്നും അവർക്കാവശ്യമായ മരുന്നും ഭക്ഷണവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഊരുകളിൽ സബ്ജക്റ്റ് കമ്മിറ്റി സന്ദർശനം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. എം.പി. ഫണ്ട് ഉപയോഗിച്ച് കോട്ടത്തറ ആശുപത്രിയിൽ ഗർഭിണികൾക്കായി നിർമ്മിച്ച "അമ്മവീട്" - ന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും നാളിതുവരെയും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന പരാമർശം വസ്തുതാപരമായി ശരിയല്ലെന്നും കോട്ടത്തറ ആശുപത്രിയിൽ സ്തനാർബുദ ശസ്ത്രക്രിയ, റാഡിക്കൽ വാസക്ടമി, Thyroid Surgery, Paediatric Surgery, Laproscopic surgery, Appendectomy surgery, Total hip replacement, Total knee replacement, Shoulder Arthroscopic Surgery, Knee arthroscopic surgery എന്നിവ ഈ കാലയളവിൽ നടത്തിയിട്ടുണ്ടെന്നും ലക്ഷ്യ സ്റ്റാൻഡേർഡ്സ് പ്രകാരം അവിടെ ലേബർ റൂം സജ്ജീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ലേബർ റൂമുകൾ രണ്ടു മാസത്തിനകം തുറന്നുകൊടുക്കാൻ സാധിക്കുമെന്നും 2021-22 കാലയളവിൽ പ്ലാൻ ഫണ്ടിൽ കോട്ടത്തറ ആശുപത്രിക്ക് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു.

കൂടാതെ അട്ടപ്പാടിയിൽ ഇപ്പോൾ നവജാത ശിശുമരണനിരക്ക് കുറവാണെന്നും അതിന്റെ പ്രധാന കാരണം സ്ത്രീകളുടെ കൂട്ടായ്മയാണെന്നും ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, എസ്.ടി. പ്രൊമോട്ടർമാർ കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ എല്ലാ ആഴ്ചകളിലും ഊരുകളിൽ സന്ദർശനം നടത്തുകയും ആഴ്ചാവസാനം സബ് കളക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തുകയും ചെയ്യുന്നുണ്ടെന്നും ഓരോ ഊരിലും

ഒരു ഗർഭിണി അല്ലെങ്കിൽ നവജാത ശിശു ഉണ്ടാകുമെന്നുള്ളതുകൊണ്ട് അവിടെ കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും വിദൂര സ്ഥലങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ചെറിയ ഊരുകളിലുള്ളവർക്കുകൂടി സേവനം ലഭ്യമാകുന്നതിനായി അട്ടപ്പാടിയിലെ 28 സബ്സെന്ററുകളെയും മൂന്ന് ആരോഗ്യ പ്രവർത്തകരെ നിയമിച്ചുകൊണ്ട് ആഴ്ചയിൽ 7 ദിവസവും പ്രവർത്തിക്കുന്ന നിലയിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഒരു കോടി രൂപ സംസ്ഥാന വിഹിതം ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ്, കീമോ തെറാപ്പി യൂണിറ്റ്, സി.ടി. സ്കാൻ യൂണിറ്റ് തുടങ്ങിയവ അട്ടപ്പാടിയിൽ അനുവദിച്ചിട്ടുണ്ടെന്നും റേഡിയോളജിസ്റ്റിന്റെ അഭാവം പരിഹരിച്ചിട്ടുണ്ടെന്നും 75 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് ഐ.സി.യു. സജ്ജീകരിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ വിശദമാക്കി. കമ്മ്യൂണിറ്റി കിച്ചണിലൂടെ അട്ടപ്പാടിയിൽ ഗർഭിണികൾക്ക് ആഹാരം കൊടുക്കുന്നുണ്ടെങ്കിലും അവർ അത് കഴിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണെന്നും ഇത് പരിഹരിക്കുന്നതിനായി തുടർച്ചയായുള്ള ഇടപെടലും മോണിറ്ററിംഗും ആവശ്യമാണെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

വെറ്റില മുറുക്ക്, പുകയില എന്നിവയുടെ ഉപയോഗം മൂലം ക്യാൻസർ രോഗം അട്ടപ്പാടി ഊരുകളിൽ വർദ്ധിച്ചുവരുന്നതിനാൽ 'SHAILI' ആപ്പ് വഴി ഹാംലെറ്റ് ആശാവർക്കർമാരെ പരിശീലിപ്പിച്ച് ബ്രസ്റ്റ് ക്യാൻസർ, വായിലെ ക്യാൻസർ എന്നിവ തിരിച്ചറിയുന്നതിനുള്ള പ്രിലിമിനറി സ്ക്രീനിംഗ് ഊരുകളിൽ നടത്തുന്നുണ്ടെന്നും രോഗബാധിതരെ ആശുപത്രിയിലെത്തിച്ച് ഡോക്ടറുടെ പരിശോധനയ്ക്കുശേഷം സാമ്പിൾ എടുത്ത് ടെസ്റ്റ് ചെയ്യുന്നത് ഈ വർഷം ആരംഭിച്ചിട്ടുണ്ടെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

കോട്ടത്തറ ആശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുണ്ടെങ്കിലും ഇവർക്ക് ആരോഗ്യപ്രവർത്തകർക്കൊപ്പം ഊരുകൾ സന്ദർശിക്കാൻ കഴിയാത്തതിനാൽ ഇടമലക്കുടിയിലും ചട്ടമൂന്നാറിലും 16 തസ്തികകൾ സൃഷ്ടിക്കുകയും പ്ലാൻ ഫണ്ടിലൂടെ കെട്ടിടം അനുവദിച്ച് ലാബ് സൗകര്യം ഉൾപ്പെടെ യാഥാർത്ഥ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു. ആരോഗ്യ വകുപ്പിന്റെ പ്രോജക്ടുകളിൽ പ്രഥമ പരിഗണന നൽകുന്നത് ആദിവാസി മേഖലകളിലാണെന്നും ഒരു വലിയ കാലയളവിന് ശേഷം സിക്കിൾ സെൽ അനീമിയ പരിശോധന പുനരാരംഭിച്ചിട്ടുണ്ടെന്നും മുൻപ് കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയിരുന്ന പ്രസ്തുത പരിശോധന ഇപ്പോൾ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും കുഞ്ഞുങ്ങളിൽ സിക്കിൾ സെൽ അനീമിയ രോഗം കണ്ടുപിടിക്കുന്നതിനുള്ള പരിശോധന നടത്തുന്നുണ്ടെന്നും പ്രസ്തുത രോഗത്തെ അതിജീവിച്ച ശ്രീമതി സി.ഡി. സരസ്വതിയുടെ ആവശ്യപ്രകാരം മാനന്തവാടി ആശുപത്രിയിൽ പ്രത്യേക സിക്കിൾ സെൽ അനീമിയ യൂണിറ്റ് കൂടി ആരംഭിക്കാൻ പോകുകയാണെന്നും ചെയർപേഴ്സൺ സമിതിയെ അറിയിച്ചു.

ഭക്ഷണത്തിന്റെ പ്രശ്നം കൊണ്ടാണോ സിക്കിൾ സെൽ അനീമിയ രോഗബാധയുണ്ടാകുന്നതെന്ന് സമിതി ആരാഞ്ഞതിന്, അവരുടെ തനത് ഭക്ഷണം പോഷക സമ്പുഷ്ടമായതിനാൽ അവർ ആ ഭക്ഷണം കഴിച്ചാൽ മതിയാകുമെന്നും എന്നാൽ പുകയിലയുടെ ഉപയോഗംകൊണ്ട് വിശപ്പില്ലായ്മ ഉണ്ടാകുകയും ഗർഭാവസ്ഥയിൽ ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ തൂക്കം കുറഞ്ഞ കുട്ടികൾ ജനിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിരന്തരമായ ഇടപെടലുകൾ അവശ്യമാണെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു. മലപ്പുറം ജില്ലയിലെ ചോലനായ്ക്കർ വിഭാഗത്തിലുള്ളവരുടെ ജീവിതരീതി കുറച്ച്കൂടി മെച്ചപ്പെട്ടതായതിനാലും ഇവരുടെ ഇടയിൽ പുകയില ഉപയോഗം കുറവാണെന്നതിനാലും ഇവരുടെ രക്തത്തിൽ എച്ച്.ബി. അളവ് അട്ടപ്പാടിമേഖലയിലുള്ളവരെ അപേക്ഷിച്ച് കൂടുതലാണെന്ന് സമിതി നിരീക്ഷിച്ചു. ആദിവാസി മേഖലയിലെ ജീവിതനിലവാരം മൂന്നോ നാലോ മാസങ്ങൾ കൂടുമ്പോൾ വിലയിരുത്തി പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് ഡി.എച്ച്.എസ്.-ന്റെ നേതൃത്വത്തിൽ പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു. അടുത്ത ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മുഴുവൻ കിറ്റും വാങ്ങിനൽകാൻ സർക്കാർ തീരുമാനമെടുത്തിട്ടുള്ളതിനാൽ നിലവിലുള്ള കിറ്റുകൾ കൊടുത്തുതീർത്ത് അതിന്റെ റിസൾട്ട് വിലയിരുത്തുന്നതിനുള്ള ശ്രമം വകുപ്പ് നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സിക്കിൾ സെൽ അനീമിയ്ക്കുള്ള മരുന്നിന്റെ ലഭ്യതയെക്കുറിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ Hydroxyurea, Folic Acid എന്നീ മരുന്നുകളാണ് വിതരണം ചെയ്യുന്നതെന്നും പാലക്കാട്, നിലമ്പൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ഇവ ലഭ്യമാക്കിയിട്ടുണ്ടെന്നും മാനന്തവാടി താലൂക്കാശുപത്രിയിൽ സിക്കിൾസെൽ അനീമിയയ്ക്കുവേണ്ടി പ്രത്യേക വാർഡ് സജ്ജീകരിച്ചിട്ടുണ്ടെന്നും അതുകൂടാതെ ഇവരുടെ ശരീരത്തിന് പയർവർഗ്ഗങ്ങൾ നല്ലതായതുകൊണ്ട് എല്ലാ മാസവും രണ്ടരകിലോഗ്രാമിന്റെ പയർവർഗ്ഗങ്ങൾ അടങ്ങിയ ഭക്ഷ്യ കിറ്റ് നൽകുന്നുണ്ടെന്നും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കേരളത്തിൽ സിക്കിൾ സെൽ അനീമിയ രോഗികളിൽ 90 ശതമാനവും മാനന്തവാടിയിലാണോ ഉള്ളത് എന്ന് സമിതി ആരാഞ്ഞതിന് വയനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ മൂന്ന് സ്ഥലങ്ങളിലാണ് പ്രധാനമായും സിക്കിൾസെൽ അനീമിയ രോഗികളുള്ളതെന്നും ഇന്ത്യയിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവരിലും ഈ രോഗം കാണപ്പെടുന്നുണ്ടെങ്കിലും ആദിവാസികളിലാണ് കൂടുതലായും കാണപ്പെടുന്നതെന്ന് നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

ഈ രോഗത്തിന്റെ ചികിത്സയെക്കുറിച്ചും ജനിതകരോഗമായതുകൊണ്ട് ഈ രോഗം പൂർണ്ണമായും മാറ്റാൻ കഴിയുമോയെന്നും സമിതി ആരാഞ്ഞതിന് നിലവിൽ മെഡിക്കൽ കോളേജുകൾ വഴി പരിശോധന നടത്തിയപ്പോൾ 1067 പേരിലാണ് രോഗം

കണ്ടെത്തിയതെന്നും എന്നാൽ 4627 പേർ പ്രസ്തുത രോഗത്തിന്റെ trait/ ക്യാരിയർമാർ ആണെന്നും കണ്ടെത്തിയതായും നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു. കൂടാതെ, ഇതൊരു ജനിതകരോഗമായതിനാൽ രോഗവാഹകനായ ഒരാൾ രോഗമില്ലാത്ത ഒരാളെ വിവാഹം കഴിച്ചാൽ മക്കളിലേയ്ക്കും ഈ രോഗം പകരുമെന്നതിനാൽ ഇതേക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ട- താണെന്നും വിവാഹപൂർവ്വ കൗൺസിലിംഗ്, ബോധവത്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കണമെന്നും സമിതിയെ അറിയിച്ചു.

രോഗബാധിതർക്കെല്ലാം ഭക്ഷ്യകിറ്റും മരുന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും 2500 രൂപ വീതം സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി ധനസഹായമായി നൽകുന്നുണ്ടെന്നും രോഗം കണ്ടെത്തുന്നതിന് പോയിന്റ് ഓഫ് കെയർ ടെസ്റ്റാണ് ഇപ്പോൾ നടത്തുന്നതെന്നും പി.എച്ച്.സി.-കളിലും സബ് സെന്ററുകളിലും ഇതിനുള്ള സൗകര്യമുണ്ടെന്നും അതിനുള്ള HPLC, Electrophoresis എന്നീ മെഷീനുകൾ മാനന്തവാടിയിലും വയനാട് ജില്ലയിലെ 8 സ്ഥലങ്ങളിലുമുണ്ടെന്നും ട്രൈബൽ സ്കൂളുകളിലും എം.ആർ.എസ്.-കളിലും പഠിക്കുന്ന കുട്ടികളുൾപ്പെടെ ആദിവാസി മേഖലയിലുള്ള എഴുപത്തയ്യായിരത്തിൽ കൂടുതൽ പേരെ സ്ക്രീനിംഗ് നടത്തുന്നതിനാണ് ഈ വർഷം ഉദ്ദേശിക്കുന്നതെന്നും തുടർന്ന്, പാലക്കാട്, നിലമ്പൂർ എന്നിവിടങ്ങളിൽ സ്ക്രീനിംഗ് ആരംഭിക്കുമെന്നും നവജാത ശിശുക്കളിൽ കൂടി സിക്കിൾ സെൽ അനീമിയയുടെ സ്ക്രീനിംഗ് സാധ്യമാക്കുന്നതിനെ കുറിച്ച് ആലോചിച്ച് വരുകയാണെന്നും ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ലെന്നും കൂടാതെ, ഡിസെബിലിറ്റി ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇപ്പോൾ താഴെത്തട്ടുവരെയുള്ള എല്ലാവർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്നും അതുവഴി 2047-ഓടെ സിക്കിൾസെൽ അനീമിയ രോഗം പൂർണ്ണമായും നീക്കം ചെയ്യാനാണ് നാഷണൽ മിഷൻ ലക്ഷ്യംവെയ്ക്കുന്നതെന്നും അതിനു മുമ്പ് തന്നെ കേരളത്തിൽ പൂർണ്ണമായ രോഗ നിർമ്മാർജ്ജനത്തിനായി ഒന്നരവർഷം കൊണ്ട് രണ്ടര ലക്ഷം ആളുകളിൽ സ്ക്രീനിംഗ് നടത്തി രോഗം സ്ഥിരീകരിക്കപ്പെടുന്നവർക്ക് തുടർ ചികിത്സ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു.

ട്രൈബൽ പഞ്ചായത്തായ നൂൽപ്പുഴയിൽ സിക്കിൾസെൽ അനീമിയ രോഗികൾക്കായുള്ള ആശുപത്രി കെട്ടിടത്തിന്റെ 70% പണിയും പൂർത്തിയായിട്ടുണ്ടെന്നും അവിടെ കിടത്തിചികിത്സ നടത്താൻ സാധിക്കുമെന്നും വയനാട് ജില്ലയിലെ നല്ലൂർനാടുള്ള കാൻസർ സെന്ററിൽ തമിഴ്നാട്ടിൽ നിന്നും ആർ.സി.സി.-യിൽ നിന്നുമുള്ള രോഗികൾ തുടർചികിത്സയ്ക്കെത്തുന്നുണ്ടെന്നും റേഡിയേഷൻ ചെയ്യുന്നതിന് അവിടെ കൊബാൾട്ട് മെഷീനാണുള്ളതെന്നും സാധാരണ ആരോഗ്യ കേന്ദ്രമാണ് ക്യാൻസർ സെന്ററായി

വികസിപ്പിച്ചതെന്നും ടി സ്ഥാപനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു.

ചാലക്കുടിയിലെ ആരോഗ്യ കേന്ദ്രത്തെ നൂൽപ്പുഴ മാതൃകയിൽ വികസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ചെയർപേഴ്സൺ അറിയിച്ചു. നൂൽപ്പുഴ ഹെൽത്ത് സെന്ററിൽ ഗർഭിണിയെയും കൂടെ ഒരാളെയും താമസിപ്പിക്കുകയും പ്രസവം അടുക്കുമ്പോൾ അവിടെ നിന്നും സുൽത്താൻ ബത്തേരിയിലെയോ മാനന്തവാടിയിലെയോ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുകയാണ് ചെയ്യുന്നതെന്നും അതിരപ്പിള്ളി ട്രൈബൽ മേഖലയിലുള്ളവർക്ക് ഈ മാതൃക പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

സിക്കിൾസെൽ അനീമിയ രോഗത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന് പ്രധാന രോഗലക്ഷണം വിളർച്ചയാണെങ്കിലും വളരെ കഠിനമായ രോഗാവസ്ഥയാണ് ഇത്തരം രോഗികൾക്കുള്ളതെന്ന് നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസർ വ്യക്തമാക്കുകയും സാധാരണ ആരോഗ്യമുള്ള ഒരാളുടെ രക്തത്തിലെ ആർ.ബി.സി. 120 ദിവസം ജീവിച്ചിരിക്കുമെന്നും എന്നാൽ സിക്കിൾസെൽ അനീമിയ രോഗികളുടെ ആർ.ബി.സി. അത്രയും ദിവസം ജീവിച്ചിരിക്കില്ലായെന്നും കൂടാതെ ചില സാഹചര്യങ്ങളിൽ ഈ രോഗികൾക്ക് സാധാരണ മനുഷ്യരിലുള്ളതിനെക്കാൾ അധികം ആർ.ബി.സി.-ക്ക് നാശം സംഭവിക്കുന്ന അവസ്ഥയുണ്ടാകുമെന്നും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് വിശദീകരിച്ചു.

എസ്.റ്റി. പ്രൊമോട്ടർമാർ ഊരുകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, എസ്. റ്റി. വിഭാഗത്തിൽ നിന്നുതന്നെയാണ് പ്രൊമോട്ടർമാരെ നിയമിച്ചിട്ടുള്ളതെന്നും ഗർഭിണികൾക്കായി അവരുടെ കൂട്ടിരിപ്പുകാരെ തന്നെ പരമാവധി ഉൾകൊള്ളിച്ചുകൊണ്ടാണ് എസ്.റ്റി. പ്രൊമോട്ടർമാരെ നിയമിക്കാറുള്ളതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

എസ്.റ്റി. പ്രൊമോട്ടർമാരായി നിയമിക്കപ്പെടുന്നവർ പ്രസ്തുത വിഭാഗക്കാർ തന്നെ ആകുന്നതോടൊപ്പം അവരുടെ ഭാഷ അറിയുന്നവർ കൂടി ആയിരിക്കണമെന്ന കാര്യം ഉറപ്പുവരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, അവരുടെ ഭാഷ അറിയാവുന്നതും നഴ്സിംഗ് കോഴ്സ് പഠിച്ചവരുമായവരെ കിട്ടാൻ ചില സാഹചര്യങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

എൻ. എച്ച്. എം.-ൽ നിന്നും പരിശീലനം ലഭിച്ചിട്ടുള്ള ഹാംലെറ്റ് ആശാ വർക്കർമാർ ഊരുകളിൽ ഉണ്ടെന്നും പ്രൊമോട്ടർമാരുടെ കുറവുള്ള സ്ഥലങ്ങളിൽ ഇവരെ നിയമിക്കാമെന്നും മെഡിക്കൽ കോളേജുകളിൽ പ്രൊമോട്ടർമാരെ ഉൾപ്പെടുത്തി ട്രൈബൽ

സെൽ ആരംഭിച്ചാൽ ആദിവാസി മേഖലയിൽ നിന്നും വരുന്ന രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും പെട്ടെന്ന് ചികിത്സ ഉറപ്പാക്കാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടതിന്, ഇങ്ങനെയുള്ള അവസരങ്ങളിൽ പ്രൊമോട്ടർമാരെ നേരത്തെ തന്നെ അറിയിക്കണമെന്ന് രോഗികളുടെ ബന്ധുക്കൾക്ക് നിർദ്ദേശം നൽകാറുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുമ്പോൾ ആരോഗ്യ വകുപ്പിനെക്കൂടി അറിയിച്ചാൽ ടി പദ്ധതികൾ കുറച്ചുകൂടി നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നും ആരോഗ്യ വകുപ്പിന് കീഴിൽ മെച്ചപ്പെട്ട സംവിധാനങ്ങളുണ്ടെന്നും ക്യാൻസർ കെയർ പ്രോഗ്രാമായാലും മറ്റ് പ്രോജക്ടുകളായാലും രണ്ട് വകുപ്പുകളും ഒരുമിച്ച് പ്രവർത്തിക്കണമെന്നും സമിതി ചൂണ്ടിക്കാട്ടിയതിന്, ആദിവാസി സമൂഹത്തിന് സംരക്ഷണമെന്ന നിലയ്ക്കും അതിജീവനത്തിന്റെ പാത എന്നുള്ള നിലയ്ക്കും പതിനാലോളം സ്കീമുകളാണ് നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്നതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് മൊബൈൽ ഹെൽത്ത് യൂണിറ്റ് ആരംഭിച്ചത് ആരോഗ്യ വകുപ്പുമായി ചേർന്നാണ് എന്നും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുമ്പോൾ, തുടർന്നും ആരോഗ്യ വകുപ്പിനെ അറിയിച്ച് ചെയ്യാമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ഉറപ്പ് നൽകി.

ഗർഭിണികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഗർഭിണിയായി 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെ (18 മാസം) ഓരോ മാസവും 2000 രൂപ വീതം അനുവദിക്കുന്നുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. എന്നാൽ പ്രസ്തുത ധനസഹായം യഥാസമയം ലഭിക്കുന്നില്ലെന്ന് പരാതിയുള്ളതായി സമിതി ചൂണ്ടിക്കാട്ടിയതിന്, ട്രഷറി നിയന്ത്രണം വരുന്നതു കൊണ്ടാണ് കൃത്യ സമയത്ത് തുക വിതരണം ചെയ്യാൻ സാധിക്കാത്തതെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത ധനസഹായം കൃത്യസമയത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന്, എല്ലാ നിയോജകമണ്ഡലങ്ങളിലും ഹെൽത്ത് റിവ്യൂ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായെന്നും പ്രസ്തുത കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ടോയെന്നും ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ടി കമ്മിറ്റി മീറ്റിംഗ് നടത്താത്തത് എന്തുകൊണ്ടാണെന്നും സമിതി അംഗം ആരാഞ്ഞതിന് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന മറുപടി നൽകിയ ചെയർപേഴ്സൺ, കോട്ടയം ജില്ലയിൽ ടി കമ്മിറ്റി യോഗം ചേരുന്നതിന് ഹെൽത്ത് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

മോണിറ്ററിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഓരോ നിയോജകമണ്ഡലത്തിലും ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഡോക്ടർമാർക്ക് എന്താണ് ചെയ്യേണ്ടതെന്ന് ധാരണയില്ലെന്നും അതത് നിയോജകമണ്ഡലത്തിൽ നിയോഗിച്ചിട്ടുള്ള ഡോക്ടർമാർ അവിടെ ചാർജ്ജെടുത്ത് അവിടത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് മീറ്റിംഗ് നടത്തുന്നതിന്റെ ഫോട്ടോ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് മുൻ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിരുന്നെന്നും അത്തരത്തിൽ ചെയ്താൽ മീറ്റിംഗുകൾ കൃത്യമായി നടത്തുന്നുണ്ടോയെന്ന് അറിയാൻ സാധിക്കുമെന്നും ചൂണ്ടിക്കാട്ടിയ സമിതി ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ചശേഷം ഡി. എം. ഒ. മാരുടെ കോൺഫറൻസിൽ പ്രസ്തുത വിഷയം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. ഹെൽത്ത് റിവ്യൂ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനായി നോഡൽ ഓഫീസർമാരുടെ യോഗം വിളിച്ചുചേർക്കേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി. ജില്ലാതല അവലോകന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്ത് സമിതി നിർദ്ദേശങ്ങളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് ഹെൽത്ത് ഡയറക്ടർ ഉറപ്പ് നൽകി.

III. ചട്ടം 235(എ) പ്രകാരം സമിതി പരിഗണിച്ച സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിന്റെ കരട്

(ഫയൽ. നമ്പർ 6500/ സബ്. സി. എഫ്2/ 2023/നി.സെ)

റിപ്പോർട്ടിലെ ഒന്നാമത്തെ ശിപാർശയിലെ അഞ്ചാമത്തെ വരിയുടെ അവസാനം 'ഏർപ്പെടുത്തിയ' എന്ന വാക്കിനുപകരം 'ഏർപ്പെടുത്തിയിട്ടുള്ളതും അതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതുമായ ' എന്നീ വാക്കുകൾ ചേർക്കണമെന്ന ഭേദഗതിയോടെ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

ചട്ടം 235 (എ) പ്രകാരം മുൻ സമിതി പരിഗണിച്ചിരുന്ന 'ക്യാൻസർ രോഗികളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്'' എന്ന വിഷയം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും സമഗ്രമായ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും ആയത് സമിതി പരിഗണിച്ചതിനുശേഷം പ്രസ്തുത വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമിതി നിയമസഭാ സെക്രട്ടേറിയറ്റിനോട് നിർദ്ദേശിച്ചു.

വടകര ജില്ല ആശുപത്രിയുടെ പൂർത്തീകരണത്തിനായി ഒരു കോടി രൂപ കൂടി ആവശ്യമായിട്ടുണ്ടെന്നും അത് ലഭ്യമായാൽ മാത്രമേ ടി ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂയെന്നും അതിനാൽ ബഹുമാനപ്പെട്ട മന്ത്രി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും

സമിതി അംഗം അഭ്യർത്ഥിച്ചതിന്, പ്രസ്തുത വിഷയം സഭാ സമ്മേളനത്തിനുശേഷം പരിശോധിക്കാമെന്ന് ചെയർപേഴ്സൺ ഉറപ്പ് നല്കി.

യോഗം ഉച്ചയ്ക്കുശേഷം 12.35-ന് പിരിഞ്ഞു.

## 27-2-2024-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും-വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീമതി സി. കെ. ആശ
4. ശ്രീ. പി. കെ. ബഷീർ
5. ശ്രീമതി ദെലീമ.
6. ശ്രീ. ജോബ് മൈക്കിൾ

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം

ശ്രീമതി യു. പ്രതിഭ

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. സെൽവരാജൻ പി. എസ്. ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
2. ശ്രീ. ജാഫർ മാലിക്, കമ്മീഷണർ, ഭക്ഷ്യ സുരക്ഷാ വകുപ്പ്

3. ഡോ. രത്തൻ യു. ഖേൽക്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

4. ശ്രീ. സുഭാഷ്, അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

5. ശ്രീമതി മിനി എം., അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

6. ശ്രീ. വി.പി. ശ്രീജിത്ത്, ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്

7. ശ്രീമതി ബീന ബി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീമതി സീമ എസ്., ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്

9. ഡോ. റീന കെ.ജെ., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

10. ഡോ. തോമസ് മാത്യു. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

11. ഡോ. കെ. എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്

12. ഡോ. ശ്രീകുമാർ റ്റി. ഡി., ഡയറക്ടർ, ആയൂർവേദ മെഡിക്കൽ എഡ്യൂക്കേഷൻ

13. ഡോ. എം. എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

14. ഡോ. രേഖ എ. നായർ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, കണ്ണൂർ

15. ഡോ. സതീശൻ ബി., ഡയറക്ടർ, മലബാർ കാൻസർ സെന്റർ, കണ്ണൂർ

16. ഡോ. പി. ജി. ബാലഗോപാൽ, ഡയറക്ടർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

17. ഡോ. ആശ എസ്. കുമാർ. ഡയറക്ടർ, സിമെറ്റ്

18. ഡോ. ഷിനു കെ. എസ്. അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

19. ശ്രീ. ദീപക് പോൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി.

20. ഡോ. ജീവൻ ബാബു. കെ., സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ & മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

21. ഡോ. ഡി. സജിത് ബാബു, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ

22. ഡോ. സനിൽ കുമാർ ജെ. ജി., സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്

23. ശ്രീമതി ബിന്ദു സി. എം., ഡയറക്ടർ (ഫിനാൻസ്), നാഷണൽ ഹെൽത്ത് മിഷൻ

24. ഡോ. ദീപ ഭാസ്കരൻ, ഡയറക്ടർ-ഇൻ-ചാർജ്ജ്, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ

25. ശ്രീ. മുരുഗൻ സി. നായർ, ഡയറക്ടർ-ഇൻ-ചാർജ്ജ്, ഐക്കോൺസ്

26. ഡോ ശ്രീലത, പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

27. ഡോ. എസ്. എ. ഹാഫിസ്, സ്പെഷ്യൽ ഓഫീസർ, കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ & പ്രിവെൻഷൻ

28. ഡോ. കെ. സുജിത് കുമാർ, ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്), ഡ്രഗ്സ് കൺട്രോൾ വകുപ്പ്

29. ഡോ. നോബിൾ ഗ്രാഷ്യസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K-SOTTO)

30. ശ്രീമതി. ഷൈനി വി. ഡബ്ല്യൂ., ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള

31. ഡോ ബിജോയ് ഇ., ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻ), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള

32. ഡോ. ഷീല എ. എസ്., പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

33. ഡോ. ആർ. ജയനാരായണൻ. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, നാഷണൽ ആയുഷ് മിഷൻ

34. ശ്രീ. കെ. ആർ. ഗോപകുമാർ, കൺട്രോളർ ഓഫ് ഫിനാൻസ്, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

35. ഡോ. റീത്ത കെ. പി., അഡീഷണൽ ഡയറക്ടർ (പി.എച്ച്), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

36. ഡോ. നന്ദകുമാർ കെ. വി., അഡീഷണൽ ഡയറക്ടർ (മെഡിക്കൽ), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

37. ശ്രീ. സിനു കടകംപള്ളി, അസിസ്റ്റന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

38. ശ്രീ. അനിൽ കുമാർ എസ്., ഫിനാൻസ് മാനേജർ, ഇ-ഹെൽത്ത്

39. ശ്രീമതി മഞ്ജു എസ്. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

40. ശ്രീ. ശ്രീകുമാർ എ. സി., ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്

41. ശ്രീ. സി. അജയകുമാർ, ഫിനാൻസ് ഓഫീസർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

42. ശ്രീ. രാജേഷ്, ഫിനാൻസ് ഓഫീസർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല (KUHS)

43. ശ്രീ. മധുസൂദനൻ നായർ, അക്കൗണ്ട്സ് ഓഫീസർ, സിമെറ്റ്

44. ഡോ. അജിത വി., ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്

45. ഡോ. ഷിബുലാൽ എ., ജനറൽ മാനേജർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്.

46. ശ്രീ. ജോണി മാത്യു, ഡെപ്യൂട്ടി മാനേജർ (ഫിനാൻസ്), കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

47. ശ്രീ. ജയകുമാർ കെ., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇംഹാൻസ്, കോഴിക്കോട്.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XVIII(വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XIX(കുടുംബക്ഷേമം), XX (ശുദ്ധജല വിതരണവും ശുചീകരണവും), XXX(ഭക്ഷ്യം) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

യോഗ നടപടികൾ ആരംഭിക്കാമെന്ന് സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചതിനെ തുടർന്ന് ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ആരോഗ്യകുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളാണ് ഇന്നത്തെ യോഗത്തിൽ പരിഗണിക്കുന്നതെന്ന് നിയമസഭ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ആമുഖമായി അറിയിച്ചു.

ആരോഗ്യ വകുപ്പിന് ഈ വർഷത്തെ മുഴുവൻ ബഡ്ജറ്റ് അലോക്കേഷൻ എത്രയാണെന്നും കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും അലോക്കേഷൻ

പരിശോധിക്കുമ്പോൾ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോയെന്നും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം അനുവദിച്ച തുകയിൽ കുറവ് വന്നിട്ടുണ്ടോയെന്നും. കഴിഞ്ഞ വർഷത്തെ വകുപ്പിന്റെ എക്സ്പെൻഡിച്ചർ എങ്ങനെയായിരുന്നെന്നും കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതം മുഴുവൻ ചെലവഴിച്ചിട്ടും എന്തുകൊണ്ടാണ് ഈ വർഷം വകുപ്പിന് കൂടുതൽ തുക അനുവദിക്കാത്തതെന്നും വിവിധ പദ്ധതികൾക്കായി സെൻട്രൽ അലോക്കേഷനനുസരിച്ച് സ്റ്റേറ്റ് അലോക്കേഷൻ വന്നിട്ടുണ്ടോയെന്നും സമിതിയംഗം ആരാഞ്ഞതിന്, 2023-2024 സാമ്പത്തിക വർഷം 65591 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ആരോഗ്യ വകുപ്പിന് അനുവദിച്ചിരുന്നതെന്നും എന്നാൽ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 63467 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് 2124 ലക്ഷം രൂപയുടെ കുറവാണ് വന്നിട്ടുള്ളതെന്നും, 100.6 ശതമാനമാണ് വകുപ്പിന്റെ കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ എന്നും മേജർ ഹെഡ്ഡുകളിൽ 132 കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നതെന്നും കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ടി ഹെഡ്ഡുകളിൽ ആകെ 10 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും വിവിധ കോഴ്സുകൾക്കായി സ്റ്റൈപ്പന്റിനത്തിൽ അനുവദിക്കുന്ന തുകയും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവാണെന്നും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് വിശദീകരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം സെൻട്രൽ അലോക്കേഷനായി 1700 കോടി രൂപ ലഭിച്ച സ്ഥാനത്ത് ഈ വർഷം ഇതുവരെ 44.9 കോടി രൂപ മാത്രമാണ് ലഭിച്ചതെന്ന് ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടി ചേർക്കുകയും ചെയ്തു.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കേന്ദ്ര വിഹിതം കുറയാനും കേന്ദ്ര വിഹിതത്തിന് അനുപാതികമായി സംസ്ഥാനം തുക വകയിരുത്താത്തസ്ഥിതിയുണ്ടെങ്കിൽ അതിനുകാരണം എന്തെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട കണക്കുകൾ ലഭ്യമാക്കിയി ട്ടുണ്ടോയെന്നും വ്യക്തമാക്കണമെന്ന് സമിതിയംഗങ്ങൾ ആവശ്യപ്പെട്ടതിന് സെൻട്രൽ ഷെയർ ലഭിച്ചില്ലെങ്കിലും സ്റ്റേറ്റ് ഷെയർ അധികമായി അനുവദിക്കുക യുണ്ടായെന്ന് സമിതി ചെയർപേഴ്സൺ അറിയിച്ചു. കേന്ദ്ര സർക്കാർ ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റായി 168 കോടി രൂപയാണ് അനുവദിച്ചതെന്നും അതിനാനുപാതികമായി സംസ്ഥാന സർക്കാർ 280 കോടി രൂപ അനുവദിക്കുകയുണ്ടായെന്നും ഇതെല്ലാം ഉൾപ്പെടെ കഴിഞ്ഞ വർഷം 1728 കോടി രൂപയാണ് വകുപ്പ് ചെലവഴിച്ചിട്ടുള്ളതെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന മൊത്തം തുക പരിശോധിക്കുകയാണെങ്കിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1300 കോടി രൂപ കുറച്ചാണ് അനുവദിച്ചിട്ടുള്ളതെന്നും നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് 700 കോടി രൂപ കടിശ്ശികയായി ലഭിക്കാനുണ്ടെന്നും കണക്കുകൾ കൃത്യമായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം വകുപ്പിന് ആകെ അനുവദിച്ച തുക 1341 കോടി രൂപയാണെന്നും വർഷാവസാനം 188 കോടി രൂപ അധികമായി അനുവദിക്കുക യുണ്ടായെന്നും അതോടൊപ്പം സ്റ്റേറ്റ് ഷെയറും കൂടി ചേരുമ്പോഴാണ് 1700 കോടി രൂപ വരുന്നതെന്നും ഈ വർഷം നാളിതുവരെ 449 കോടി രൂപ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളൂവെന്നും ക്യാഷ് ഗ്രാന്റിനത്തിൽ ഒരു രൂപ പോലും അനുവദിച്ചിട്ടില്ലയെന്നും 371 കോടി രൂപ കുടിശ്ശികയാണെന്നും കേന്ദ്ര വിഹിതം ലഭിക്കുമ്പോഴാണ് സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതെന്നും ജീവനക്കാർക്ക് ശമ്പളം നൽകാൻ സംസ്ഥാന സർക്കാർ അഡ്വാൻസായി സംസ്ഥാന വിഹിതം അനുവദിക്കുകയുണ്ടായെന്നും ഈ ഇനത്തിൽ 280 കോടി രൂപയാണ് സംസ്ഥാന സർക്കാർ റിലീസ് ചെയ്തു നൽകിയതെന്നും ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസിനും Kind grant ഇനത്തിലുമായി 168 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് 657 കോടി രൂപയാണ് കുടിശ്ശികയായി ലഭിക്കാനുള്ളതെന്നും നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. ഇതു സംബന്ധിച്ച എല്ലാ കണക്കുകളും വകുപ്പ് സമർപ്പിക്കുകയും നിരന്തരമായി നിവേദനങ്ങൾ നൽകുകയും നേരിട്ടുള്ള ഫോളോഅപ്പ് നടത്തുകയും ചെയ്യുന്നുണ്ടെന്ന് സമിതി വിലയിരുത്തി.

2023 നവംബർ 23-നാണ് കേന്ദ്ര സർക്കാർ എല്ലാ ആരോഗ്യ കേന്ദ്രങ്ങളുടേയും പേര് 'ആയുഷ്മാൻ ആരോഗ്യ കേന്ദ്രം' എന്നാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ടപ്പോൾ സംസ്ഥാന സർക്കാർ നൽകിയ പേരിനൊപ്പം കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന പേരുകൾ കൂടി ചേർത്ത് കോ-ബ്രാൻഡിംഗ് നടത്താമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നെന്നും അതിനുമുമ്പ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്നും അതോടൊപ്പം കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ആറ് ലോഗോയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടി രുന്നെന്നും അതിന്റെ ഭാഗമായാണ് അരീക്കോട് പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പേരിനൊപ്പം 'ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ' എന്ന് ഇംഗ്ലീഷിൽ എഴുതി ഫോട്ടോ അപ്‌ലോഡ് ചെയ്തതെന്നും അതിനുശേഷമാണ് ടി തലക്കെട്ട് 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്നാക്കി മാറ്റണമെന്നും കെട്ടിടത്തിന് കടും മഞ്ഞനിറം നൽകണമെന്നും കാണിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചതെന്നും പെയിന്റിംഗിനായി ആകെ 3000 രൂപയാണ് കേന്ദ്ര സർക്കാർ അനുവദിക്കുന്നതെന്നും സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങൾക്ക് വർഷങ്ങളായി ഒരു കളർ കോഡ് നിലവിലുള്ളതാണെന്നും ഒരു പി.എച്ച്.സി.-യുടെതന്നെ പെയിന്റിംഗ് ചെലവ് 5 ലക്ഷം രൂപയോളമാണെന്നും ചെയർപേഴ്സൺ വ്യക്തമാക്കി. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം 'ആരോഗ്യം പരമം ധനം' എന്നുകൂടി എഴുതി ചേർക്കുന്നത് നടപ്പാക്കിയിട്ടുണ്ടെന്ന് ആരോഗ്യ കുടുബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ—XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XIX (കുടുംബക്ഷേമം) & XX (ശുദ്ധജല വിതരണവും ശുചീകരണവും) എന്നിവയിലെ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനം എടുക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ-XVIII

## (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും)

2210-01-110-47—ദേശീയ ഡിപ്ലോമാറ്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.6155 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-74-12—ജില്ലാ ആശുപത്രികളിൽ നോൺമെഡിക്കൽ ലെപ്രസി അസിസ്റ്റന്റുകളുടെയും ജനറൽ നേഴ്സുമാരുടെയും പരിശീലനം-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

ബഡ്ജറ്റ് വിഹിതം : 1.0231 കോടി രൂപ (നോൺപ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 53.62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-003-94-12—പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി നഴ്സിംഗ് സ്കൂൾ, ശാസ്താംകോട്ട, കൊല്ലം-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും

ബഡ്ജറ്റ് വിഹിതം : 5.64 ലക്ഷം രൂപ (നോൺപ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 8.47 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-19- —ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

2210-06-101-19-01 —ദേശീയ ആരോഗ്യ ദൗത്യം(കേന്ദ്രവിഹിതം)

2210-06-101-19-02 —ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-06-101-19-01 —547.8 കോടി രൂപ

2210-06-101-19-02 —365.2 കോടി രൂപ

ബ്രാൻഡിംഗ് പ്രശ്നങ്ങൾ കാരണം നാളിതുവരെ അനുവദിക്കാത്ത 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്രവിഹിതം 2024 മാർച്ച് മാസത്തോട് കൂടി അനുവദിക്കാൻ സാധ്യതയുള്ളതിനാൽ നടപ്പു സാമ്പത്തികവർഷം 2210-06-101-19-01 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയും, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്രവിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക ഉണ്ടെന്ന് ഉറപ്പാക്കണമെന്നും SNA സംവിധാന പ്രകാരം കേന്ദ്രഫണ്ടും ആനുപാതികമായി സംസ്ഥാന വിഹിതവും 30 ദിവസത്തിനകം നാഷണൽ ഹെൽത്ത് മിഷന്റെ Single nodal account-ലേക്ക് കൈമാറേണ്ടതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ഉറപ്പാക്കേണ്ടതുണ്ടെന്നും അല്ലാത്തപക്ഷം RBI-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പലിശ സംസ്ഥാനം നല്കേണ്ടതാണെന്നുമുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ ഉള്ളതിനാൽ 2210-06-101-19-02 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയും അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം മേൽ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികതുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-19-01—58.36 കോടി രൂപ

2210-06-101-19-02—379.38 കോടി രൂപ

2210-06-101-09—പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ - (PM-ABHIM)(60% CSS)

2210-06-101-09-01 - കേന്ദ്ര വിഹിതം

ബഡ്ജറ്റ് വിഹിതം : 37.5 കോടി രൂപ (പ്ലാൻ)

2024-25 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച പദ്ധതി അടങ്കൽ തുക 52.57 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15.07 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-09-02—പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത്

ഇൻഫ്രാസ്ട്രക്ചർ മിഷൻ -സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 60:40 എന്ന കേന്ദ്ര/സംസ്ഥാന അനുപാതത്തിലാണ് പ്രവർത്തിക്കുന്നത്. 2024-25 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച പദ്ധതി അടങ്കൽ തുകയായ 52.57 കോടി രൂപയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ഇനത്തിൽ 35.04 കോടി രൂപ ലഭിക്കേണ്ടതുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന വിഹിതം ഇനത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-112-98-34-3 —ആശാവർക്കർമാർക്കുള്ള അലവൻസ് - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 188.4744 കോടി രൂപ (നോൺ പ്ലാൻ)

ആശാ വർക്കർമാർക്കുള്ള അലവൻസ് 6,000 രൂപയിൽ നിന്നും 7,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 30.9756 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-01-110-74 —ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെയും DHS, DMO ഓഫീസുകളിലെയും, മറ്റ് പ്രധാന ആശുപത്രികളിലെയും നിർമ്മാണ പ്രവൃത്തികൾ, തലശ്ശേരി ജനറൽ ആശുപത്രിയുടെ റീലൊക്കേഷൻ എന്നിവയുടെ പൂർത്തീകരണത്തിന് നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 132 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി മേൽ ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-01-110-98-24—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി -സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 77.4 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാവശ്യ മരുന്നുകൾ, സർജറി ഉപകരണങ്ങൾ, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാരങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 72.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-96—അലോപ്പതി, മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-96-05-2—ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്- 5.4813 കോടി രൂപ

2210-01-110-96-24 — സാധനസാമഗ്രികൾ - 28.11 ലക്ഷം രൂപ

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ, സർജറി ഉപകരണങ്ങൾ, കൺസ്യൂമെബിൾസ്, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാരങ്ങൾ എന്നിവ വാങ്ങുന്നതിനും വൈദ്യുത ചാർജ്ജ് ചെലവ് വഹിക്കുന്നതിനും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-96-05-2—3.9987 കോടി രൂപ

2210-01-110-96-24—86.89 ലക്ഷം രൂപ

2210-01-110-94-05-2—അലോപ്പതി മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 4.4022 കോടി രൂപ (നോൺ പ്ലാൻ)

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയതായി Digital Fluoroscopy, CT Scan, Digital X-Ray, MRI തുടങ്ങിയ മെഷീനുകൾ സ്ഥാപിച്ചത് കാരണം വൈദ്യുതി ചാർജ്ജ് കൂടുമെന്നുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 1.0721 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-78—മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ആശുപത്രികളിലും മെഡിക്കൽ ഓക്സിജനും ലിക്വിഡ് മെഡിക്കൽ ഓക്സിജനും വിതരണം

ബഡ്ജറ്റ് വിഹിതം : 7.9828 കോടി രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.0618 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-61-24—എസ്.എ.റ്റി.ആശുപത്രി, തിരുവനന്തപുരം - സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 56.35 ലക്ഷം രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ, സർജറി ഇനങ്ങൾ, കൺസ്യൂമെബിൾസ്, രോഗികൾക്ക് വിതരണം ചെയ്യാനുള്ള പോഷകാഹാര സാധനങ്ങൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ ശീർഷകത്തിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 23.65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-01-110-60-05-2—ചെസ്റ്റ് ആശുപത്രി, കോഴിക്കോട് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 6.36 ലക്ഷം രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24.36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-03-101-99—ആരോഗ്യ യൂണിറ്റ് പാങ്ങപ്പാറ, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-101-99-05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം - 16,000 രൂപ

2210-03-101-99-05-2—ഓഫീസ് ചെലവുകൾ- വൈദ്യുതിചെലവ് - 1.05 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേക്ക് തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-03-101-99-05-1 —2 ലക്ഷം രൂപ

2210-03-101-99-05-2 —2.95 ലക്ഷം രൂപ

2210-03-101-92-05-2—ആരോഗ്യകേന്ദ്രം, വക്കം - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 69000 രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.51 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-99—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-001-99-05-3 —ടെലിഫോൺ ചെലവ് : 1.74 ലക്ഷം രൂപ

2210-05-001-99-05-34-3 — മറ്റു ചെലവുകൾ - മറ്റിനം - 12.85 ലക്ഷം രൂപ

കോന്നി, ഇടുക്കി, മഞ്ചേരി, കാസർഗോഡ് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ബില്ലുകൾ പരിശോധിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേതനം നൽകുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത്, വീഡിയോ കോൺഫറൻസിംഗ് എന്നീ സംവിധാനങ്ങൾക്കുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കേണ്ടുന്ന ചെലവുകൾക്കുമായി മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-99-05-3 — 5.95 ലക്ഷം രൂപ

2210-05-001-99-05-34-3 — 16.2 ലക്ഷം രൂപ

2210-05-001-91—ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് പരിശോധനാ ഫീസ് അടയ്ക്കൽ

ബഡ്ജറ്റ് വിഹിതം : 49.66 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ കോളേജുകളിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും അഞ്ച് പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചതിനാലും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവകലാശാല എന്നിവിടങ്ങളിൽ മുൻ വർഷങ്ങളേക്കാൾ അധിക തുക പരിശോധനാ ഫീസ് ഇനത്തിൽ ഒടുക്കേണ്ടതുള്ളതുകൊണ്ട് ടി

ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-84—കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയ്ക്കുള്ള അഫിലിയേഷൻ-ഫീസ് അടയ്ക്കൽ

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

മെഡിക്കൽ കോളേജുകളിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചതിനാലും അഞ്ച് പുതിയ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചതിനാലും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവകലാശാല എന്നിവിടങ്ങളിൽ മുൻ വർഷങ്ങളേക്കാൾ അധിക തുക അഫിലിയേഷൻ ഫീസ് ഇനത്തിൽ ഒടുക്കേണ്ടതുള്ളതുകൊണ്ട് ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-98-34-3—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം-മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 3.37 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം അലോപ്പതി മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസിനായി ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേയ്ക്ക് അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 18.63 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-94-05-2—അലോപ്പതി മെഡിക്കൽ കോളേജ്, തൃശ്ശൂർ- ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 55.79 ലക്ഷം രൂപ (നോൺ പ്ലാൻ)

തൃശ്ശൂർ മെഡിക്കൽ കോളേജിലെ വൈദ്യുതി ചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.01 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-88-05-2—അലോപ്പതി മെഡിക്കൽ കോളേജ് കാസർഗോഡ്-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 4.82 ലക്ഷം രൂപ (നോൺ പ്ലാൻ)

കാസർഗോഡ് മെഡിക്കൽ കോളേജിൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 3 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-80—സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-80-05-1— ഓഫീസ് ചെലവുകൾ - വെള്ളക്കരം: 55,000 രൂപ

2210-05-105-80-05-2— ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്: 63,000 രൂപ

2210-05-105-80-05-3 —ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്: 26,000 രൂപ

2210-05-105-80-12— സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും: 9.25 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യുൻ സമിതി തീരുമാനിച്ചു.

2210-05-105-80-05-1 - 2.65 ലക്ഷം രൂപ

2210-05-105-80-05-2 - 6.4407 കോടി രൂപ

2210-05-105-80-05-3 - 7.75 ലക്ഷം രൂപ

2210-05-105-80-12 - 3 കോടി രൂപ

2210-05-105-71—സർക്കാർ മെഡിക്കൽ കോളേജ്, വയനാട്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-71-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്: 35,000 രൂപ

2210-05-105-71-05-3—ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്: 25,000 രൂപ

2210-05-105-71-24—<u>സാധനസാമഗ്രികൾ</u> :1000 രൂപ

വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടത്തിചികിത്സയിലുള്ള രോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായും മെഡിക്കൽ കോളേജ് ഓഫീസ്, ആശുപത്രി എന്നിവിടങ്ങളിലെ വൈദ്യുതി, ടെലിഫോൺ ചെലവ് എന്നിവയ്ക്കായും മേൽശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക <u>പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-105-71-05-2 —93.76 ലക്ഷം രൂപ

2210-05-105-71-05-3 — 84,000 രൂപ

2210-05-105-71-24 —65.06 ലക്ഷം രൂപ

2210-05-105-62—<u>ദേശീയ പാതയ്ക്ക് സമീപമുള്ള സർക്കാർ ശുപത്രികളിലെ ട്രോമാകെയർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കാര്യക്ഷമതാ പരിപോഷണം (60% കേന്ദ്ര സഹായം)</u>

ബഡ്ജറ്റ് വിഹിതം: 60 ലക്ഷം (പ്ലാൻ)

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ വിഭാഗത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ അധികമായി <u>4.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-105-54-12—<u>നഴ്സിംഗ് കോളേജ്, എറണാകുളം-സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും</u>

ബഡ്ജറ്റ് വിഹിതം : 91.21 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പു സാമ്പത്തിക വർഷം എറണാകുളം നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & സ്റ്റൈപെൻഡ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>82.82 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-105-53—<u>സർക്കാർ മെഡിക്കൽ കോളേജ്, പാരിപ്പള്ളി, കൊല്ലം</u>

ബഡ്ജറ്റ് വിഹിതം :

2210-05-105-53-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും</u> :1.4799 കോടി രൂപ (നോൺ പ്ലാൻ)

2210-05-105-53-17—ചെറുകിടമരാമത്ത് പണികൾ:- 1.04 കോടി രൂപ (പ്ലാൻ)

2210-05-105-53-34-3— മറ്റ് ചെലവുകൾ - മറ്റിനം:- 6.57 കോടി രൂപ (പ്ലാൻ)

കൊല്ലം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും അനുവദിക്കുന്നതിനും സ്റ്റേറ്റ് പി.ഡബ്ല്യൂ.ഡി (സിവിൽ & ഇലക്ട്രിക്കൽ) സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി സർവ്വീസ്, ഹൗസ് കീപ്പിംഗ് സർവ്വീസ്, ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് എന്നീ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിനും സെൻട്രൽ ലൈബ്രറിയിലേക്കാവശ്യമായ മെഡിക്കൽ ബുക്സ്, ജേർണൽസ് എന്നിവ വാങ്ങുന്നതിനും നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള അധിക തുക പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-53-12 —3.0402 കോടി രൂപ

2210-05-105-53-17 — 2.6825 കോടി രൂപ

2210-05-105-53-34-3 —6.8768 കോടി രൂപ

2210-05-105-48-34-3—സർക്കാർ ദന്തൽ കോളേജ്, ആലപ്പുഴ- മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 26 ലക്ഷം രൂപ (പ്ലാൻ)

ആലപ്പുഴ ഡെന്റൽ കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 14.74 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-47—സർക്കാർ മെഡിക്കൽ കോളേജ്, കൊച്ചി, എറണാകുളം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-105-47-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 79.38 ലക്ഷം രൂപ

2210-05-105-47-05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് - 2.4498 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത

ശീർഷകങ്ങളിലേയ്ക്ക് അധിക തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-47-05-1 — 64.62 ലക്ഷം രൂപ

2210-05-105-47-05-2—1.7502 കോടി രൂപ

2210-05-105-45—ദന്തൽ കോളേജ്, തൃശ്ശൂർ

ബഡ്ജറ്റ് വിഹിതം :

2210-05-105-45-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 1.13 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-45-12—സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും - 82.65 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-105-45-34-3—മറ്റ് ചെലുവകൾ - മറ്റിനം - 26 ലക്ഷം രൂപ (പ്ലാൻ)

തൃശ്ശൂർ ദന്തൽ കോളേജിലെ ഹൗസ് സർജന്മാർക്ക് സ്റ്റൈപെന്റ് ഇനത്തിലും, ദന്തൽ കോളേജിലെ വൈദ്യുതി ചെലവ് ഇനത്തിലും, കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചെലവ് ഇനത്തിലും മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-45-05-2— 16.87 ലക്ഷം രൂപ

2210-05-105-45-12 — 73.35 ലക്ഷം രൂപ

2210-05-105-45-34-3 —20 കോടി രൂപ

2210-05-105-42—നഴ്സിംഗ് കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-42-24—സാധന സാമഗ്രികൾ -5 ലക്ഷം രൂപ

2210-05-105-42-34-3—മറ്റ് ചെലവുകൾ-മറ്റിനം-20 ലക്ഷം രൂപ

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിൽ ലാബ് ഐറ്റംസ്, പഠന വസ്തുക്കൾ എന്നിവ വാങ്ങുന്നതിനും നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള ബുക്ക് സെർവർ, കംപ്യൂട്ടർ ലൈബ്രറിക്ക് വേണ്ട എ.സി., എൽ.സി.ഡി. പ്രോജക്റ്ററുകൾ എന്നിവ വാങ്ങുന്നതിനും നടപ്പ്

സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിൽ ചുവടെ ചേർക്കും പ്രകാരം പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-42-24— 5 ലക്ഷം രൂപ

2210-05-105-42-34-3 — 60 ലക്ഷം രൂപ

2210-05-105-42-17—നഴ്സിംഗ് കോളേജ്, തിരുവനന്തപുരം - മൈനർ വർക്ക്സ്

ബഡ്ജറ്റ് വിഹിതം : ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അഡ്മിനിസ്ട്രേറ്റീവ്, അക്കാഡമിക്ക്, പി.ജി. & ജി.എൻ.എം. ബ്ലോക്ക് കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തികളുടെ ചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2210-05-105-42-17—മൈനർ വർക്ക്സ് എന്ന പ്ലാൻ ശീർഷകം പുനഃസ്ഥാപിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് 70 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-32-12—അലോപ്പതി മെഡിക്കൽ കോളേജ്, മഞ്ചേരി-സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

ബഡ്ജറ്റ് വിഹിതം : 3.231 കോടി രൂപ (നോൺ പ്ലാൻ)

മഞ്ചേരി മെഡിക്കൽ കോളേജിലെ മെഡിക്കൽ, പി.ജി. വിദ്യാർത്ഥികൾക്കും ഹൗസ് സർജന്മാർക്കും സ്റ്റൈപ്പെന്റ് അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 3.3461 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-28—ഡി.എം.ഇ.-യുടെ കീഴിൽ കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം (CSS 60:40)

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-105-28-06—കോഴിക്കോട് ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ വിഭാഗം-സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം - 80 ലക്ഷം രൂപ

2210-05-105-28-07—ആലപ്പുഴ ദേശീയ പാതയിലെ സർക്കാർ ആശുപത്രികളിൽ ട്രോമാ കെയർ വിഭാഗം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സഹായം 60 ലക്ഷം രൂപ

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ വിഭാഗത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിനാലും ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ

അതിനൂതന ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കേണ്ടതിനാലും മേൽ ശീർഷകങ്ങളിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരിത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-28-06 — 2.56 കോടി രൂപ

2210-05-105-28-07 — 12.2 ലക്ഷം രൂപ

2210-05-105-18—സീമെറ്റിനുള്ള സാമ്പത്തിക സഹായം

ബഡ്ജറ്റ് വിഹിതം: (പ്ലാൻ)

2210-05-105-18-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം- 55 ലക്ഷം രൂപ

2210-05-105-18-36—സഹായധനം - ശമ്പളേതരം - 15 ലക്ഷം രൂപ

സീമെറ്റിന് കീഴിലുള്ള മലമ്പുഴയിലെയും പള്ളുരുത്തിയിലെയും നഴ്സിംഗ് കോളേജുകൾക്ക് സ്വന്തമായുള്ള ലേഡീസ് ഹോസ്റ്റലുകൾ താമസയോഗ്യമാക്കുന്നതിനുള്ള അറ്റകുറ്റപണികൾ നിർവ്വഹിക്കേണ്ടതിനാലും മുട്ടത്തറ കോളേജിന് സ്വന്തമായി കോളേജ് കെട്ടിടം നിർമ്മിക്കേണ്ടതിനാലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജുകളുടെ വാടക കൊടുക്കേണ്ടതിനാലും മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കുന്ന തുക അധികമായി ഈ ശീർഷകങ്ങളിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-105-18-35 — 10.45 കോടി രൂപ

2210-05-105-18-36— 55.5 ലക്ഷം രൂപ

2210-05-105-07—സീമെറ്റിന് കീഴിൽ പുതിയ നഴ്സിംഗ് കോളേജ്

ബഡ്ജറ്റ് വിഹിതം : ഇല്ല

സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സീമെറ്റിന് കീഴിൽ ആരംഭിച്ച പുതിയ നഴ്സിംഗ് കോളേജുകളുടെ കെട്ടിട നിർമ്മാണത്തിന് തുകയൊന്നും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിട്ടില്ല. പ്രസ്തുത ശീർഷകത്തിലേയ്ക്ക് 7 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-03-105-66-01—ഇടുക്കി ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ്-മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും റോഡ് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം മേൽശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-03-105-65—കാസർഗോഡ് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് (നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനും മറ്റുമായി മേൽ ശീർഷകത്തിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 21 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഭക്ഷ്യസുരക്ഷാ വകുപ്പ്

2210-06-102-99-05-2—വൈദ്യുതി ചെലവ്-നോൺ പ്ലാൻ- ആഹാരത്തിൽ മായം ചേർക്കുന്നത് തടയൽ ഭക്ഷ്യകാര്യഭരണം

ഹോട്ടലുകളിലും മറ്റും പരിശോധന നടത്തി ഉപയോഗയോഗ്യമല്ലാത്ത ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്ത് പിഴ ചുമത്തുന്ന ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ നടപടിയിൽ പ്രശ്നങ്ങളുണ്ടെന്നും റോഡിന്റെ ഇരുവശങ്ങളിൽ അനധികൃതമായി നിരവധിപേർ കച്ചവടം നടത്തുന്നുണ്ടെന്നും റോഡ് സൈഡുകളിൽ ഗ്ലാസ് കവറിംഗ് പോലുമില്ലാതെ ഷവർമ്മ പാചകം ചെയ്ത് കച്ചവടം ചെയ്യുന്നതിലൂടെ വാഹനങ്ങളിൽ നിന്നുള്ള പുകയും മറ്റ് പൊടിപടലങ്ങളും അതിൽ പറ്റിപ്പിടിക്കാനിടയാകുകയും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നെന്നും സമിതിയംഗം യോഗത്തിൽ അറിയിച്ചു. ഇത്തരത്തിൽ ഷവർമ്മ പാചകം ചെയ്യുന്നതുമായി ബന്ധപ്പെട്ടും അനധികൃതമായി രാത്രികാലങ്ങളിൽ റോഡിന്റെ ഇരുവശങ്ങളിലും കച്ചവടം നടത്തുന്നതുമായി ബന്ധപ്പെട്ടും ഭക്ഷ്യ സുരക്ഷ വകുപ്പ് നടത്തുന്ന പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്തതിന് രാത്രികാലങ്ങളിലെ റോഡിന്റെ ഇരുവശങ്ങളിലുമുള്ള അനധികൃത കച്ചവടം സംബന്ധിച്ച്

ഭക്ഷ്യ സുരക്ഷ വകുപ്പിലെ നൈറ്റ് സ്ക്വാഡ് പരിശോധന നടത്തുന്ന വിവരം ബഹു. ചെയർപേഴ്സൺ വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം രണ്ടുതവണ സ്പെഷ്യൽ ഡ്രൈവ് നടത്തിയിരുന്നുവെന്നും ഏകദേശം പതിനയ്യായിരം FBO (Food Business Operators)-ൽ പരിശോധന നടത്തിയതിൽ ആയിരത്തി മുന്നൂറോളം സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ കഴിഞ്ഞെന്നും അത്തരത്തിൽ ഓരോ മാസവും സ്പെഷ്യൽ ഡ്രൈവ് നടത്തുന്നുണ്ടെന്നും കഴിഞ്ഞ മാസം ലേബലിംഗുമായി ബന്ധപ്പെട്ടും ഡ്രൈവ് നടത്തിയിരുന്നെന്നും ഭക്ഷ്യ സുരക്ഷ വകുപ്പ് ഫീൽഡിൽ കൃത്യമായ ഇടപെടൽ നടത്തുന്നുണ്ടെന്നും ഷവർമ്മയുടെ പാചകവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ തന്നെ ഒരു ഗൈഡ് ലൈനും ഷവർമ്മ എങ്ങനെയാണ് പാചകം ചെയ്യേണ്ടത് എന്ന് കാണിക്കുന്ന വീഡിയോയും ഇഷ്യു ചെയ്തിട്ടുണ്ടെന്നും ഷവർമ്മ പാചകം ചെയ്ത് രണ്ട് മണിക്കൂർവരെ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും ഭക്ഷ്യ സുരക്ഷാ വകുപ്പ് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു. കൂടാതെ ഷവർമ്മയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സമിതിയംഗം പറഞ്ഞത് ശരിയാണെന്നും ഷവർമ്മ കഴിച്ച് ഒരാൾ മരണപ്പെട്ടതിനുശേഷം അത് പരിഹരിക്കുന്നതിനായി പരിശോധന നടത്തി ഗൈഡ് ലൈൻ തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിൽ ഷവർമ്മ പാചകം ചെയ്യുന്ന സ്ഥലം ഗ്ലാസുകൊണ്ട് മൂടിയിരിക്കണമെന്നും അതിന് ഉപയോഗിക്കുന്ന ഇറച്ചി നന്നായി വേവിക്കണമെന്നും എത്ര മണിക്കൂർ വരെ ഇത് ഉപയോഗിക്കാൻ സാധിക്കുമെന്നും ഇത് തയ്യാറാക്കുന്നവരുടെ ശുചിത്വവുമായി ബന്ധപ്പെട്ടുമുള്ള പതിനഞ്ചോളം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് ഗൈഡ് ലൈൻ തയ്യാറാക്കിയതെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി. പ്രസ്തുത ഗൈഡ് ലൈൻ നിലനിൽക്കതന്നെ തുറസ്സായ സ്ഥലത്ത് ഷവർമ്മ പാചകം ചെയ്യുന്ന രീതി പല കച്ചവടക്കാരും ഇപ്പോഴും പിൻതുടരുന്നത് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ ഷവർമ്മയുടെ പരിശോധനയുമായി ബന്ധപ്പെട്ട് തുടർന്നും സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്ന് ബഹു. ചെയർപേഴ്സൺ നിർദ്ദേശിക്കുകയും ചെയ്തു.

2210-06-102-99-05-2—<u>ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 7.62 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം മേൽ ശീർഷകത്തിലേക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ 9.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-06-102-99— ഭക്ഷ്യകാര്യഭരണം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-06—വാടക, കരം, നികുതി - 10 ലക്ഷം രൂപ

2210-06-102-99-34-3—മറ്റു ചെലവുകൾ-മറ്റിനം - 11.57 ലക്ഷം രൂപ

ഭക്ഷ്യസുരക്ഷാ എൻഫോഴ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി എന്നിവയ്ക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ തപാൽ സ്റ്റാമ്പ്, സ്റ്റേഷനറി ചെലവ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-102-99-06 — 6.65 ലക്ഷം രൂപ

2210-06-102-99-34-3 — 10.44 ലക്ഷം രൂപ

2210-06-102-99-97—ഭക്ഷ്യകാര്യഭരണം - വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 48 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള 140 സർക്കിളുകളിലെയും ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങളുടെ എണ്ണം കുറവാണ്. ഭക്ഷ്യ വിപണിയിലെ നിരന്തര പരിശോധനകൾക്കും വാർഷിക പദ്ധതി പ്രകാരമുള്ള വിവിധ പ്രോഗ്രാമുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും മതിയായ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-05-2—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 27.84 ലക്ഷം രൂപ (നോൺ പ്ലാൻ)

NABL അക്രഡിറ്റേഷനുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിലെ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗത്തിൽ വർദ്ധനവുണ്ട്. ആയതിനാൽ 28.14 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-05-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,തിരുവനന്തപുരം- ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 41,000 രൂപ (നോൺ പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കും ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവുകൾക്കും തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 39,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-06—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി,തിരുവനന്തപുരം-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 59,000 രൂപ (നോൺപ്ലാൻ)

പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.61 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-107-98-34-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം- മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം: 30 ലക്ഷം രൂപ (പ്ലാൻ)

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ലബോറട്ടറികളിലെ ഗ്ലാസ് വെയറുകളും മറ്റ് ലബോറട്ടറി ഉപകരണങ്ങളും യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും വിവിധ ഉപകരണങ്ങളുടെ AMC/CAMC പുതുക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-99—ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-104-99-06—വാടക, കരം, നികുതി - 8.80 ലക്ഷം രൂപ

2210-06-104-99-45—പി.ഒ.എൽ. - 2.08 ലക്ഷം രൂപ

ഔഷധനിയന്ത്രണ കാര്യാലയത്തിലെ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-104-99-06—13 ലക്ഷം രൂപ

2210-06-104-99-45—12 ലക്ഷം രൂപ

2210-06-104-98—മരുന്നു പരിശോധനാശാല

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-104-98- 05-1— ഓഫീസ് ചെലവുകൾ-വെള്ളക്കരം- 12,000 രൂപ

2210-06-104-98- 05-2—ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ് - 29.17 ലക്ഷം രൂപ

2210-06-104-98-06—വാടക, കരം, നികുതി - 99,000 രൂപ

47. എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെയും കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെയും വൈദ്യുതി ചെലവിനത്തിലും കെട്ടിട നികുതിയിനത്തിലും നടപ്പ് സമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-104-98- 05-1 —1.88 ലക്ഷം രൂപ

2210-06-104-98- 05-2 —15 ലക്ഷം രൂപ

2210-06-104-98-06—2 ലക്ഷം രൂപ

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം സംബന്ധിച്ച ശീർഷകത്തിൽ കഴിഞ്ഞ അഞ്ചുവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ചതിൽ 2020-21-ൽ മാത്രമാണ് മുഴുവൻ തുകയും ചെലവഴിച്ചതെന്നും ബാക്കിയുള്ള വർഷങ്ങളിൽ മുഴുവൻ തുകയും ചെലവഴിക്കാത്തതെന്തുകൊണ്ടാണെന്നും സമിതിയംഗം ആരാഞ്ഞതിന് 2021-22-ൽ 874,00,00,000 രൂപ അനുവദിച്ചതിൽ 862,38,88,000 രൂപയും 2022-23-ൽ 356,40,00,000 രൂപ അനുവദിച്ചതിൽ 349,06,12,000 രൂപയും ചെലവഴിച്ചുവെന്നും കഴിഞ്ഞ മൂന്നുവർഷവും നടപ്പ് വർഷവും ഉൾപ്പെടെ ഒരേ ബഡ്ജറ്റ് വിഹിതമാണ് (356,40,00,000 രൂപ) അനുവദിച്ചിരിക്കുന്നതെന്നും 2023-24-ൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ആകെ 255 കോടി രൂപയെ ലഭിച്ചിട്ടുള്ളൂവെന്നും 2024-25 സാമ്പത്തിക വർഷത്തെ അവശ്യമരുന്നുകളുടെ സംഭരണത്തിനായി 720 ഇനം മരുന്നുകളാണ് DME/DHS ആവശ്യപ്പെട്ടിരിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സമിതിക്ക് മുമ്പാകെ വ്യക്തമാക്കി.

കെ.എം.എസ്.സി.എൽ. മുഖേന കാരുണ്യ പദ്ധതിക്ക് മരുന്നുകൾ ലഭ്യമാക്കണമെന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഇൻഷ്വറൻസ് ലിങ്ക് ചെയ്യാതെ വരുമ്പോൾ ഇൻഷ്വറൻസ് തുക കുടിശ്ശികയാകുകയും കാരുണ്യയ്ക്ക് കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്ന് ലഭ്യമാകാതെ വരികയും അതിനാൽ രോഗികൾക്ക് പുറത്തുപോയി അധിക വിലകൊടുത്ത് വാങ്ങുന്ന മരുന്നിന്റെ തുകപോലും ഇൻഷ്വറൻസിൽനിന്നും അവർക്ക് ലഭിക്കുന്നില്ലായെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. കാരുണ്യ പദ്ധതിയുടെ ഫണ്ടുപയോഗിച്ച് കാരുണ്യ തന്നെയാണ് മരുന്നുകൾ പർച്ചേസ് ചെയ്യുന്നതെന്നും കാരുണ്യയും കെ.എം.എസ്.സി.എൽ.-ഉം രണ്ടായാണ് നിൽക്കുന്നതെന്നും കെ.എം.എസ്.സി.എൽ.-ന്റെ ഫണ്ട് കാരുണ്യ പദ്ധതിക്ക് ലഭിക്കില്ലായെന്നും സ്വന്തം ഫണ്ടുപയോഗിച്ചാണ് കാരുണ്യ പ്രവർത്തിക്കുന്നതെന്നും കാരുണ്യയ്ക്ക് സംസ്ഥാന ഗവൺമെന്റിൽനിന്ന് പ്ലാൻ ഫണ്ടോ നോൺ പ്ലാൻ ഫണ്ടോ നൽകുന്നില്ലായെന്നും റിവോൾവ് ചെയ്യുന്ന ഫണ്ടാണുള്ളതെന്നും മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വ്യക്തമാക്കി.

കൂടാതെ Essential drug list-ൽ ഉൾപ്പെട്ട 880-ലധികം മരുന്നുകളാണ് കെ.എം.എസ്.സി.എൽ.-ൽ നിന്നും വിതരണം ചെയ്യുന്നതെന്നും ടി ലിസ്റ്റിൽ ഉൾപ്പെടാത്ത മരുന്നുകൾ (കാൻസർ, കാർഡിയോളജി തുടങ്ങിയവയുമായി ബന്ധപ്പെട്ട മരുന്നുകൾ) വില കുറച്ച് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കാരുണ്യ പദ്ധതി ആരംഭിച്ചതെന്നും Self sustaining ആയി നിലനിർത്താൻവേണ്ടിയാണ് കാരുണ്യയ്ക്ക് പ്രത്യേക സ്ഥാനം നൽകിയിരിക്കുന്നതെന്നും അടുത്ത സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ Essential drug list-ൽ ഉൾപ്പെട്ട

മരുന്നുകൾക്ക് ഒക്ടോബർ മാസത്തിൽ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ടെന്നും ആശുപത്രികൾ ആവശ്യപ്പെട്ടതുപ്രകാരം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമുള്ളതായും മരുന്നുകൾ വിതരണം ചെയ്തതിനുശേഷവും അഡീഷണലായി 25 ശതമാനം മരുന്നുകൾ വിതരണം ചെയ്യാൻ സാധിക്കുമെന്നും അതിനെക്കാൾ കൂടുതൽ ചെലവാകുകയാണെങ്കിൽ ഐ.എം.എസ്.സി.എൽ.-ന് മരുന്നുകൾ നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുമെന്നും ബഹു. ചെയർപേഴ്സൺ വിശദീകരിച്ചു.

കാസ്പ്-ന്റെ ഫണ്ട് ആശുപത്രികൾക്ക് ലഭിച്ചുകഴിഞ്ഞാൽ ഒരു നിശ്ചിത വിഹിതം കെ.എം.എസ്.സി.എൽ.-ന് നൽകിയിരിക്കണമെന്നത് സംബന്ധിച്ച പുതിയ ഒരു ഗവൺമെന്റ് ഉത്തരവിറക്കിയാൽ മാത്രമേ കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്നുകൾ ആശുപത്രികൾക്ക് സമയത്തിന് ലഭ്യമാകുകയുള്ളൂവെന്ന് സമിതി നിരീക്ഷിച്ചു.

2210-80-190-99-36—കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള സഹായധനം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 356.4 കോടി രൂപ (നോൺ പ്ലാൻ)

2024-2025 സാമ്പത്തിക വർഷത്തെ അവശ്യമരുന്നുകളുടെ സംഭരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 577.8838 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-31—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.3996 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.7854 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-93—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-001-93-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം 10 കോടി രൂപ

2210-05-001-93-36—സഹായധനം - ശമ്പളേതരം - 1.5 കോടി രൂപ

2024-25 സാമ്പത്തിക വർഷത്തിൽ 6 പദ്ധതികളാണ് Plan write up-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതികൾക്കും 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും പദ്ധതി വിഹിതം ലഭിക്കാത്തതുമായ 5 പദ്ധതികളുടെ പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 47.12 കോടി രൂപ മേൽ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-93-36—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2.7280 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.272 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം

സംസ്ഥാനത്ത് കാൻസർ ചികിത്സ ഏറ്റവും മികച്ച രീതിയിൽ നടത്തുന്ന സ്ഥാപനങ്ങളിലൊന്നാണ് റീജിയണൽ കാൻസർ സെന്റർ എന്നും അവർക്ക് ഇത്തവണ ബജറ്റിൽ 24 കോടി രൂപ വകയിരുത്തിയിട്ടുള്ളത് വളരെ തുക കുറവാണെന്നും ജീവനക്കാർക്ക് ശമ്പളം നൽകാൻ പോലും വലിയ ബുദ്ധിമുട്ടാണ് അവർ അനുഭവിക്കുന്നതെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. ശമ്പളത്തിനായി 192 കോടി രൂപ ആവശ്യമായി വരുമ്പോൾ ആയിനത്തിൽ ആകെ 43 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും കഴിഞ്ഞ വർഷം 43 കോടി രൂപ ബഡ്ജറ്റ് അലോക്കേഷനായി പറഞ്ഞിരുന്നെങ്കിലും 30 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും ഇത്തവണത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ 145 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 43 കോടി രൂപ മാത്രമാണ് ബജറ്റിൽ അലോക്കേഷനായി കാണിച്ചിരിക്കുന്നതെന്നും ഏകദേശം 220-230 കോടി രൂപവരെ വരുമാനം ലഭിക്കുമ്പോൾ 240-250 കോടി രൂപവരെയാണ് ചെലവ് വരുന്നതെന്നും ഈ വർഷം കസ്പ് (കാരുണ്യ-ചികിത്സ പദ്ധതി) ഇനത്തിൽ 158 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കാനുണ്ടെന്നും ശമ്പളം വിതരണം ചെയ്യുന്നതിനും മറ്റുചെലവുകൾ നിർവ്വഹിക്കുന്നതിനുമായി വലിയ രീതിയിലുള്ള ബുദ്ധിമുട്ടിലൂടെയാണ് ആർ.സി.സി. കടന്നുപോയിക്കൊണ്ടിരിക്കുന്നതെന്നും നോൺ പ്ലാൻ ഇനത്തിൽ മരുന്നുകൾ

വാങ്ങുന്നതിനായി 44 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 27 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളതെന്നും 27 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും തുക അനുവദിക്കുമ്പോൾ അതിന്റെ നിശ്ചിത ശതമാനം മാത്രമേ ലഭിക്കുകയുള്ളുവെന്നും 104 കോടി രൂപയുടെ ഒറ്റത്തവണ കേന്ദ്ര ഗ്രാന്റ് രണ്ട് ഇൻസ്റ്റാൾമെന്റായിട്ടാണ് അനുവദിച്ചതെന്നും ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്നും ആർ.സി.സി. ഡയറക്ടർ വിശദീകരിച്ചു.

2210-05-105-52-31—<u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 43.3431 കോടി രൂപ (നോൺ പ്ലാൻ)

കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ഏഴാം ശമ്പളപരിഷ്കരണം അടിസ്ഥാനമാക്കി R.C.C.-യിലെ ജീവനക്കാരുടെ ശമ്പളം പുതുക്കിയതിനാൽ 2016 ജനുവരി മുതൽ 2021 മേയ് മാസം വരെയുള്ള കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനും പുതുക്കിയ നിരക്കിലുള്ള ശമ്പളവും മറ്റ് ബത്തകളും അനുവദിക്കുന്നതിനും ഈ സാമ്പത്തിക വർഷം <u>ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 101.6569 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-105-52-36—<u>പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : 27.0175 കോടി രൂപ (നോൺപ്ലാൻ)

റീജ്യണൽ കാൻസർ സെന്ററിലേക്ക് മരുന്നുകൾ, റീയേജന്റുകൾ തുടങ്ങിയവ വാങ്ങുന്നതിനും, നിർദ്ധന രോഗികളുടെ ചികിത്സ, കെട്ടിടത്തിന്റെയും ഉപകരണങ്ങളുടെയും പരിപാലന-അറ്റകുറ്റപ്പണികൾ, മാലിന്യ നിർമ്മാർജ്ജനം, ഓഡിറ്റ് ചെലവുകൾ, പെൻഷൻ പദ്ധതിയിലേക്കുള്ള തൊഴിലുടമയുടെ വിഹിതം, ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, മറ്റ് നികുതികൾ മുതലായ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനായി ഈ സാമ്പത്തിക വർഷം <u>ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 17.0525 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## കൊച്ചിൻ കാൻസർ സെന്റർ

2210-05-200-92—<u>കാൻസർ ഗവേഷണ കേന്ദ്രം, കൊച്ചി, എറണാകുളം</u>

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

2210-05-200-92-35—<u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള - സഹായധനം - 8.37 കോടി രൂപ</u>

2210-05-200-92-36—<u>സഹായധനം - ശമ്പളേതരം</u> - 6.13 കോടി രൂപ

കൊച്ചി കാൻസർ സെന്റർ (CCRC) പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻട്രാ ഓപ്പറേറ്റീവ് റേഡിയോ തെറാപ്പി മെഷീൻ സ്ഥാപിക്കുന്നതിനുമായി നടപ്പ്

സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് 11.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മലബാർ കാൻസർ സെന്റർ

മലബാർ കാൻസർ സെന്ററിന്റെ വരുമാനവും ചെലവും സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കഴിഞ്ഞ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 14 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്നും അതിനുമുമ്പ് 18 കോടി രൂപയായിരുന്നു നഷ്ടമെന്നും 33 കോടിയോളം രൂപയുടെ സൗജന്യ ചികിത്സയും രോഗികൾക്ക് നൽകുന്നുണ്ടെന്നും പ്രധാനമായും കാസ്പ്-ലും മറ്റു പദ്ധതികളിലുമായി ലഭിക്കാനുള്ള തുക ലഭ്യമാവുകയാണെങ്കിൽ മാത്രമേ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും സാലറി ഇനത്തിൽ ആകെ 10 ശതമാനം തുക മാത്രമാണ് സർക്കാർ നൽകുന്നതെന്നും ബാക്കി തുക നോൺ പ്ലാനിൽ നിന്നാണ് കണ്ടെത്തുന്നതെന്നും ഒരു മാസം 3.4 കോടി രൂപയാണ് ശമ്പള ഇനത്തിൽ മാത്രം ചെലവ് വരുന്നതെന്നും ഒരു വർഷം 40 കോടി രൂപ അതിന് ആവശ്യമാണെന്നും മലബാർ കാൻസർ സെന്ററർ ഡയറക്ടർ സമിതി മുമ്പാകെ വിശദീകരണം നല്കി. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി കൂടുതൽ തുക അനുവദിക്കുന്നതിന് സമിതിയുടെ ഇടപെടൽ അത്യാവശ്യമാണെന്നും ശമ്പള പരിഷ്കരണത്തിൽ വന്ന കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ പിൻതുണ നൽകേണ്ടതാവശ്യമാണെന്നും സമിതി നിരീക്ഷിച്ചു.

2210-05-200-96—മലബാർ ക്യാൻസർ സെന്ററിന് സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 16.8 കോടി രൂപ

36—സഹായധനം - ശമ്പളേതരം - 11.2 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31— സഹായധനം - ശമ്പളം - 6.3041 കോടി രൂപ

36—സഹായധനം - ശമ്പളേതരം - 6.0703 കോടി രൂപ

മലബാർ കാൻസർ സെന്ററിലെ അക്കാദമിക്ക് & റിസർച്ച് ആവശ്യങ്ങൾക്കും നിലവിൽ അവിടെ നടന്നുവരുന്ന വികസന പദ്ധതികളുടെ പൂർത്തീകരണത്തിനും

മറ്റു നോൺപ്ലാൻ ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 98.7246 കോടി രൂപ പ്ലാൻ ഫണ്ടിലും 13.1843 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

2210-06-800-81—പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 546.54 കോടി രൂപ (പ്ലാൻ)

സ്വകാര്യ ആശുപത്രികൾക്കും പൊതു ആശുപത്രികൾക്കും കൂടി ആകെ 1134.12 കോടി രൂപ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ, 575.46 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഐക്കോൺസ്

2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 2.4732 കോടി രൂപ (നോൺ പ്ലാൻ)

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കിവരുന്നു. ഐക്കോൺസിലെ സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട സാലറി പാക്കേജ് നടപ്പിലാക്കേണ്ടതുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5.03 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്)

2210-05-200-95—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-95-36—<u>സഹായധനം-ശമ്പളേതരം</u>- 13.51 ലക്ഷം രൂപ

മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് വേണ്ടി സെമിനാറുകൾ നടത്തുന്നതിനും ലിഫ്റ്റുകളുടെയും ന്യൂറോ സയൻസ് ലാബിലെ ഉപകരണങ്ങളുടെയും AMC-യും ജനറേറ്ററുടെ പീരിയോഡിക്കൽ സർവ്വീസിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>20.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

2210-01-110-27-31—<u>കേരളസ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി-സഹായധനം-ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 11.77 ലക്ഷം രൂപ (നോൺ പ്ലാൻ)

കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ആനുകൂല്യങ്ങൾക്കുമായി മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>15.38 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## ശിശുവികസന കേന്ദ്രം

എസ്.എം.എ. രോഗികൾക്ക് പ്രത്യേക സ്കീം പ്രകാരം 60:40 എന്ന നിലയിലാണ് ചികിത്സാ സഹായം നൽകുന്നതെന്നും എസ്.എ.ടി. ആശുപത്രിയെ കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലെൻസായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ഗ്രാന്റിനത്തിൽ 3 കോടി രൂപ മാത്രമേ കേന്ദ്രം അനുവദിച്ചിട്ടുള്ളൂവെന്നും ട്രയൽ എന്ന രീതിയിൽ ആദ്യ ഘട്ടത്തിൽ എസ്.എം.എ. രോഗികളായ 5 വയസ്സ് വരെയുള്ള കുട്ടികൾക്ക് മരുന്ന് വിതരണം ആരംഭിക്കുകയും നിലവിൽ അത് 12 വയസ്സ് വരെയായി ഉയർത്തുകയും ചെയ്തിട്ടുണ്ടെന്നും മാത്രമല്ല മറ്റ് അപൂർവ്വ രോഗങ്ങളും കൂടിയുൾപ്പെടുത്തി 'കെയർ' എന്ന ഒരു പദ്ധതികൂടി സർക്കാർ ആരംഭിച്ചിട്ടുണ്ടെന്നും ടി പദ്ധതിക്കായി വലിയ തുക കണ്ടെത്തേണ്ടതുള്ളതിനാൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ സി.എസ്.ആർ. ഫണ്ട് രൂപീകരിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ടി അക്കൗണ്ടിലേയ്ക്ക് സുമനസ്സുകൾക്ക് തുക ഡൊണേറ്റ് ചെയ്യാവുന്നതാണെന്നും അക്കൗണ്ടിന്റെ ഡീറ്റെയിൽസ് ഉടൻതന്നെ പരസ്യപ്പെടുത്തുന്നതാണെന്നും ചെയർപേഴ്സൺ വിശദമാക്കി.

നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ട എസ്.എം.എ. കേസുകളെ സംബന്ധിച്ചും അവരുടെ മരുന്ന വിതരണം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ആരാഞ്ഞതിന് നിലവിൽ 8 വയസ്സുവരെയുള്ള 55 കുട്ടികൾക്കാണ് മരുന്ന് നൽകിയിട്ടുള്ളതെന്നും അതുകൂടാതെ സ്റ്റേറ്റ് തലത്തിൽ അപൂർവ്വ രോഗങ്ങൾ ബാധിച്ച നാനൂറോളം പേർ വരുമെന്നാണ് കണക്കാക്കുന്നതെന്നും രാജ്യത്തെ 10 സെന്ററുകൾ തിരെഞ്ഞെടുത്തതിൽ ഒരു സ്ഥാപനം നമ്മുടെ എസ്.എ.ടി. ആശുപത്രിയാണെന്നും എസ്.എ.ടി.യിൽ മാത്രമായി അത് ചുരുങ്ങാതിരിക്കുന്നതിനാണ് മലബാർ മേഖലയിലെ കുട്ടികളുടെ സൗകര്യാർത്ഥം എസ്.എ.ടി.-ൽ രജിസ്റ്റർ ചെയ്തതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽവച്ച് മരുന്ന് നൽകുന്നതെന്നും ആദ്യഘട്ടത്തിൽ തിരുവനന്തപുരത്ത് വന്ന് രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ പിന്നീടുള്ള ചികിത്സാവശ്യങ്ങൾക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തിയാൽ മതിയാകുമെന്നും മരുന്നിന് പകരം നേരിട്ട് പണം നൽകിയാൽ മതിയെന്ന് ചില മതാപിതാക്കൾ ആവശ്യപെടുന്നുണ്ടെങ്കിലും ടി പദ്ധതി പ്രകാരം മരുന്ന് വിതരണമാണ് വിഭാവന ചെയ്തിരിക്കുന്നതെന്നതിനാൽ പണം അനുവദിക്കാൻ സാധിക്കുകയില്ലായെന്നും ഒരു കുട്ടിക്ക് പരമാവധി 50 ലക്ഷം രൂപയുടെ മരുന്നാണ് ടി പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതെന്നും എസ്.എം.എ.-ക്ക് മാത്രം രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം 226 ആണെന്നും അപൂർവ്വ രോഗങ്ങളുള്ളവരുടെ രജിസ്ട്രേഷൻ നടന്നുവരികയാണെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

2210-05-105-50—<u>ശിശുവികസന സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

ബഡ്ജറ്റ് വിഹിതം :

2210-05-105-50-31—സഹായധനം - ശമ്പളം - 1.2888 കോടി രൂപ (നോൺ പ്ലാൻ)

2210-05-105-50-36—സഹായധനം - ശമ്പളേതരം - 10.89 ലക്ഷം രൂപ(നോൺ പ്ലാൻ)

2210-05-105-50-36—സഹായധനം - ശമ്പളേതരം – 2.58 കോടി രൂപ (പ്ലാൻ)

ശിശുവികസന കേന്ദ്രത്തിൽ ശമ്പളവും ശമ്പളേതര ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>50 ലക്ഷം രൂപ 2210-05-105-50-31 എന്ന ശീർഷകത്തിലും 1.67 കോടി രൂപ 2210-05-105-50-36 എന്ന ശീർഷകത്തിലും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-01-001-88—<u>കേരള ഡിജിറ്റൽ ഹെൽത്ത് മിഷൻ - ഇ-ഹെൽത്ത് പ്രോഗ്രാം</u>

ബഡ്ജറ്റ് വിഹിതം : 27.6 കോടി രൂപ (പ്ലാൻ)

തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് <u>51.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (K- SOTTO)

2210-01-110-65 —മരണപ്പെട്ട ദാതാവിൽ നിന്നും അവയവങ്ങൾ മാറ്റിവയ്ക്കൽ (മൃതസഞ്ജീവനി)

2210-01-110-65-34—മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

IEC (Information Education and Communication) ആക്റ്റിവിറ്റി, മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്ക് നൽകുന്ന പരിശീലനം, ആരോഗ്യ പ്രവർത്തകരുൾപ്പെടെയുള്ള എല്ലാ തുറകളിലുള്ളവർക്കും അവയവദാനത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്യാമ്പയിൻ എന്നിവയ്ക്കായും കെ-സോട്ടോയുടെ റീജിയണൽ ഓഫീസുകൾ, ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനും താല്ക്കാലികാടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ഹാർട്ട് ഫൗണ്ടേഷൻ

2210-06-101-35—കേരള ഹാർട്ട് ഫൗണ്ടേഷൻ

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (നോൺ പ്ലാൻ)

കേരള ഹാർട്ട് ഫൗണ്ടേഷന്റെ അടിസ്ഥാന യൂണിറ്റായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിലേയ്ക്ക് ഒരു പ്രത്യേക കാർഡിയാക്ക് കത്തീറ്ററൈസേഷൻ ലാബ് സ്ഥാപിക്കുന്നതിനായി മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിലേക്ക് അധികമായി 13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ആയുഷ് വകുപ്പ്

## ഭാരതീയ ചികിത്സാ വകുപ്പ്

2210-02-101-76—പ്രകൃതി ദുരന്തം മൂലമുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

പദ്ധതി നടത്തിപ്പിനായി നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-74—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-74—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : (നോൺപ്ലാൻ)

2210-02-101-74-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 88000 രൂപ

2210-02-101-74-05-3 —ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ് - 1000 രൂപ

2210-02-101-74-05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ - 1000 രൂപ

2210-02-101-74-24—സാധനസാമഗ്രികൾ - 3.78 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേക്ക് ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-74-05-2 — 2 ലക്ഷം രൂപ

2210-02-101-74-05-3 — 10,000 രൂപ

2210-02-101-74-05-4 — 50,000 രൂപ

2210-02-101-74-24 — 5 ലക്ഷം രൂപ

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണവും, ആധുനികവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 21.08 കോടി രൂപ (പ്ലാൻ)

ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.2029 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-65—ജീവനിയും പുനർനവയും

ബഡ്ജറ്റ് വിഹിതം : 95 ലക്ഷം രൂപ (പ്ലാൻ)

ജീവനി (Diabetic Mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-64—വിദ്യാലയ ആരോഗ്യ പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സംസ്ഥാന ഔഷധ സസ്യബോർഡ്

2210-05-101-60 —സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-06-101-18—ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ദേശീയ ആയുഷ് ദൗത്യം (കേന്ദ്രാവിഷ്കൃതം 60:40)

2210-06-101-18-02—ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ദേശീയ ആയുഷ് ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായുള്ള സംസ്ഥാന വിഹിതം ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 27.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-02-103-94—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

ബഡ്ജറ്റ് പ്രൊപ്പോസലിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമാണ്. ആയതിനാൽ 21.776 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-04-190-98—കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : 2.3 കോടി രൂപ (പ്ലാൻ)

പദ്ധതി നടത്തിപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-001-98-06—ആയുർവ്വേദ ജില്ലാ മെഡിക്കൽ ആഫീസ് - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1.75 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭാരതീയ ചികിത്സാ വകുപ്പിന്റെ പത്തനംതിട്ട, വയനാട് ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടങ്ങളുടെ പ്രതിമാസ വാടക അടക്കേണ്ടതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം-റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 4.78 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-192-50—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള സഹായം റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 50.78 ലക്ഷം രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-196-50—ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 75.39 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-197-50—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 6.15 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള സഹായം-റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 1.5812 കോടി രൂപ (നോൺ പ്ലാൻ)

2024-25 സാമ്പത്തിക വർഷം വരുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനായി മേൽ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-196-50—75 ലക്ഷം രൂപ

2210-02-197-50— 70,000 രൂപ

2210-02-198-50— 30 ലക്ഷം രൂപ

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-02-101-99—ആയുർവ്വേദ കോളേജ് ആശുപത്രികളും പ്രസവ വാർഡും, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-99-01-4—ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 1.58 ലക്ഷം രൂപ

2210-02-101-99-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 8.2 ലക്ഷം രൂപ

ആശുപത്രിയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിലെയും വെള്ളക്കരം കുടിശ്ശിക, പുതിയ പേ വാർഡ് കെട്ടിടം പ്രവർത്തനക്ഷമം ആയതുകാരണമുള്ള

കൂടിയ വെള്ളക്കരം എന്നീ ഇനത്തിലെയും ചെലവുകൾ നിർവ്വഹിക്കുന്നതിന് മേൽ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി പ്രസ്തുത ശീർഷങ്ങളിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-99-01-4—4.12 ലക്ഷം രൂപ

2210-02-101-99-05-1—25 ലക്ഷം രൂപ

2210-02-101-98—ആയുർവ്വേദ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-98-02-4—വേതനം - കൺസോളിഡേറ്റഡ് പേ : 36.24 ലക്ഷം രൂപ

2210-02-101-98-02-5—വേതനം - ദിവസവേതനം : 12.32 ലക്ഷം രൂപ

2210-02-101-98-04-1—യാത്രാ ചെലവുകൾ - യാത്രാബത്ത : 19000 രൂപ

2210-02-101-98-04-2—യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത : 4000 രൂപ

2210-02-101-98-04-4—യാത്രാ ചെലവുകൾ - അവധിയാത്രാനുകൂല്യം : 5000 രൂപ

2210-02-101-98-05-4 —ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ : 1.08 ലക്ഷം രൂപ

2210-02-101-98-18 —സംരക്ഷണം : 18,000 രൂപ

2210-02-101-98-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും 1,000 രൂപ

2210-02-101-98-24—സാധനസാമഗ്രികൾ : 49.25 ലക്ഷം രൂപ

2210-02-101-98-34-2—മറ്റു ചെലവുകൾ - വൈദ്യുതി ചെലവ് : 32.50 ലക്ഷം രൂപ രൂപ

2210-02-101-98-34-3—മറ്റു ചെലവുകൾ - മറ്റിനം : 1.67 ലക്ഷം രൂപ

2210-02-101-98-45—പി.ഒ.എൽ. : 62,000 രൂപ

നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മേൽശീർഷകങ്ങളിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-98-02-4— 8.63 ലക്ഷം രൂപ

2210-02-101-98-02-5—3.56 ലക്ഷം രൂപ

2210-02-101-98-04-1—40,000 രൂപ

2210-02-101-98-04-2—21,000 രൂപ

2210-02-101-98-04-4—45,000 രൂപ

2210-02-101-98-05-4—2.92 ലക്ഷം രൂപ

2210-02-101-98-18 —82,000 രൂപ

2210-02-101-98-21-2 —59,000 രൂപ

2210-02-101-98-24—15.75 ലക്ഷം രൂപ

2210-02-101-98-34-2—7.5 ലക്ഷം രൂപ രൂപ

2210-02-101-98-34-3—2.33 ലക്ഷം രൂപ

2210-02-101-98-45— 3.13 ലക്ഷം രൂപ

2210-02-101-96-05-1—ആയുർവ്വേദ ഫാർമസി - ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ അടയ്ക്കാനുള്ളതിനാൽ മേൽ ശീർഷകത്തിൽ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-94-05-1—ഔഷധസസ്യ പഠന കേന്ദ്രം-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 32,000 രൂപ (നോൺ പ്ലാൻ)

മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ അടയ്ക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-85-01-4—ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 63,000 രൂപ

2210-02-101-85-04-2—യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത - 9,000 രൂപ

2210-02-101-85-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 1.07 ലക്ഷം രൂപ

2210-02-101-85-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 58,000 രൂപ

2210-02-101-85-06—വാടക, കരം, നികുതി - 1,000 രൂപ

2210-02-101-85-45—പി.ഒ.എൽ. - 26,000 രൂപ

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് ചുവടെ ചേർക്കും പ്രകാരം അധിക തുക പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-85-01-4—1 ലക്ഷം രൂപ

2210-02-101-85-04-2—10,000 രൂപ

2210-02-101-85-05-1—35 ലക്ഷം രൂപ

2210-02-101-85-05-2— 5 ലക്ഷം രൂപ

2210-02-101-85-06 —6 ലക്ഷം രൂപ

2210-02-101-85-45 —24,000 രൂപ

2210-02-101-78 —ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-78-02-4 —വേതനം - കൺസോളിഡേറ്റഡ് പേ - 5 ലക്ഷം രൂപ

2210-02-101-78-02-5 —വേതനം - ദിവസവേതനം – 17.36 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു..

2210-02-101-78-02-4 – 5 ലക്ഷം രൂപ

2210-02-101-78-02-5 – 25 ലക്ഷം രൂപ

2210-02-101-78—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-101-78-04-1 – യാത്രാ ചെലവുകൾ- യാത്രബത്ത - 28,000 രൂപ

2210-02-101-78-04-2 —യാത്രാ ചെലവുകൾ- സ്ഥലമാറ്റ ബത്ത – 6,000 രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർത്തിരിക്കുന്ന തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-101-78-04-1– 22,000 രൂപ

2210-02-101-78-04-2 – 4,000 രൂപ

2210-02-101-78-05-2—ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 6.85 ലക്ഷം രൂപ (നോൺ പ്ലാൻ)

പുതിയതായി ആരംഭിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെകൂടി വൈദ്യുതി ചാർജ്ജ് വഹിക്കേണ്ടതിനാൽ നടപ്പ് വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 3.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-001-98-04-2—ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത

ബഡ്ജറ്റ് വിഹിതം : 5,000 രൂപ (നോൺ പ്ലാൻ)

സ്ഥലംമാറ്റബത്തയിനത്തിൽ ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 65,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി മേൽ ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

ബഡ്ജറ്റ് വിഹിതം :

2210-05-101-96-01-4—ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്: 60,000 രൂപ (നോൺ പ്ലാൻ)

2210-05-101-96-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്: 15.75 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-05-101-96-06—വാടക, കരം, നികുതി: 58,000 രൂപ (നോൺ പ്ലാൻ)

2210-05-101-96-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും:7.3831 കോടി രൂപ (നോൺ പ്ലാൻ)

2210-05-101-96-17— ചെറുകിട മരാമത്ത് പണികൾ:1.16 കോടി രൂപ (പ്ലാൻ)

2210-05-101-96-19—യന്ത്രോപകരണങ്ങൾ:74 ലക്ഷം രൂപ (പ്ലാൻ)

2210-05-101-96-45 —പി.ഒ.എൽ:44,000 രൂപ (നോൺ പ്ലാൻ)

മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-96-01-4—60,000 രൂപ

2210-05-101-96-05-2—5 ലക്ഷം രൂപ

2210-05-101-96-06—35,000 രൂപ

2210-05-101-96-12—1.25 കോടി രൂപ

2210-05-101-96-17—1 കോടി രൂപ

2210-05-101-96-19—1 കോടി രൂപ

2210-05-101-96-45—15,000 രൂപ

2210-05-101-95—ആയുർവ്വേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-95-05-1 —ഓഫീസ് ചെലവുകൾ - വെള്ളക്കരം - 5.78 ലക്ഷം രൂപ

2210-05-101-95-05-2 —ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 49.61 ലക്ഷം രൂപ

2210-05-101-95-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ - 2.46 ലക്ഷം രൂപ

ആയുർവേദ മെഡിക്കൽ കോളേജുകളിൽ വെള്ളക്കരം, വൈദ്യുതി ചെലവ്, മറ്റിനങ്ങൾ എന്നിവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-95-05-1 —1 കോടി രൂപ

2210-05-101-95-05-2—20 ലക്ഷം രൂപ

2210-05-101-95-05-4 - 2 ലക്ഷം രൂപ

2210-05-101-95—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം—(നോൺ പ്ലാൻ)

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും- 15.3504 കോടി രൂപ

2210-05-101-95-34-3—മറ്റു ചെലവുകൾ-മറ്റിനം - 14,000 രൂപ

2210-05-101-95-45—പി.ഒ.എൽ.—1.81 ലക്ഷം രൂപ

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ സ്കോളർഷിപ്പുകൾ, സ്റ്റൈപെൻഡുകൾ, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ചുവടെ ചേർക്കും പ്രകാരം തുക അധികമായി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-95-12—2 കോടി രൂപ

2210-05-101-95-34-3—1 ലക്ഷം രൂപ

2210-05-101-95-45—80,000 രൂപ

2210-05-101-93-05-1—ആയുർവേദ ഗവേഷണ കേന്ദ്രം-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 57,000 രൂപ (നോൺ പ്ലാൻ)

മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ അടയ്ക്കാനുള്ളത് കാരണം നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-79—ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-79-04-1—യാത്രാ ചെലവുകൾ - യാത്രാബത്ത - 75,000 രൂപ

2210-05-101-79-05-2—<u>ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u> - 14.85 ലക്ഷം രൂപ

2210-05-101-79-05-3—<u>ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u> - 67,000 രൂപ

2210-05-101-79-06—<u>വാടക, കരം, നികുതി</u> - 15,000 രൂപ

2210-05-101-79-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u> - 4.6656 കോടി രൂപ

2210-05-101-79-21-2—<u>മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>-20,000 രൂപ

2210-05-101-79-45—<u>പി.ഒ.എൽ.</u> - 85,000 രൂപ

കണ്ണൂർ, ഗവൺമെന്റ് ആയുർവ്വേദ കോളേജുമായി ബന്ധപ്പെട്ട മേൽ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. <u>ആയതിനാൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ചുവടെ ചേർക്കും പ്രകാരമുള്ള തുക അധികമായി മേൽ ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-101-79-04-1—35,000 രൂപ

2210-05-101-79-05-2—5 ലക്ഷം രൂപ

2210-05-101-79-05-3 —33,000 രൂപ

2210-05-101-79-06—50,000 രൂപ

2210-05-101-79-12—4.3344 കോടി രൂപ

2210-05-101-79-21-2—50,000 രൂപ

2210-05-101-79-45 —25,000 രൂപ

2210-05-101-69-35—<u>കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി ധനസഹായം, കോട്ടയ്ക്കൽ-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

ലേഡീസ് ഹോസ്റ്റലിന്റെ രണ്ടാം ഘട്ടനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ <u>8.1 കോടി രൂപ അധികമായി</u> <u>പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണ മെ ന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2210-05-101-67-35—ആയുർവ്വേദ മെഡിക്കൽ കോളേജ് ഒല്ലൂർ സഹായധനം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

പുതിയ അക്കാദമിക്ക് ബ്ലോക്ക്, പുതിയ ലേഡീസ് ഹോസ്റ്റൽ, പുതിയ മെൻസ് ഹോസ്റ്റൽ എന്നിവയുടെ പ്രവൃത്തികൾക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-66—കോട്ടയ്ക്കൽ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം നേരിട്ട് നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-101-66-05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം - 78,000 രൂപ

2210-05-101-66-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 4.5 ലക്ഷം രൂപ

2210-05-101-66-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും - 6.6088 കോടി രൂപ

2210-05-101-66-24—സാധന സാമഗ്രികൾ -20 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം മേൽ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധിക തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-101-66-05-1—10 ലക്ഷം രൂപ

2210-05-101-66-05-2—20 ലക്ഷം രൂപ

2210-05-101-66-12—1.3912 കോടി രൂപ

2210-05-101-66-24—15 ലക്ഷം രൂപ

2210-05-101-65—ഒല്ലൂർ ആയുർവേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളം നേരിട്ട് നല്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 15.1826 കോടി രൂപ (നോൺ പ്ലാൻ)

ഒല്ലൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് മേൽ ശീർഷകത്തിൽ വകയിരുത്തിയ

തുക അപര്യാപ്തമായതിനാൽ 4.5733 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-03-101-98—ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രി, കോളേജ് ഹോസ്റ്റൽ തൃപ്പൂണിത്തുറ -സ്ഥലമെട്ടുപ്പ്, കെട്ടിടങ്ങൾ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

തൃപ്പൂണിത്തുറ ആയുർവേദ മെഡിക്കൽ കോളേജിന്റെ ശതാബ്ദിയോടനുബന്ധിച്ചുള്ള വിവധ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15.64 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഹോമിയോപ്പതി വകുപ്പ്

2210-02-102-74-34—ഹോമിയോപ്പതി വകുപ്പിൽ ആരോഗ്യപാലനവും പ്രത്യേക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

നിലവിൽ 14 ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്ന പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ സേവനം ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള മറ്റെല്ലാ ആശുപത്രികളിലേക്കും വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## നാഷണൽ മിഷൻ ഓൺ ആയുഷ്-ഹോമിയോ (NAM)

2210-02-102-73—ദേശീയ ആയുഷ് ദൗത്യം-ഹോമിയോ(കേന്ദ്രാവിഷ്കൃതം 60:40)
2210-02-102-73-02—ദേശീയ ആയുഷ് ദൗത്യം-ഹോമിയോ (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

നാഷണൽ ആയുഷ് മിഷന്റെ കേന്ദ്ര വിഹിതത്തിലുള്ള വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്ത് അനുവദിച്ച ആയുഷ്മാൻ ഭാരത് ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെയും ഇന്റർഗ്രേറ്റഡ് ആയുഷ് ഹോസ്പിറ്റലുകളുടേയും സമയബന്ധിതമായ പൂർത്തീകരണത്തിനും മറ്റ് പദ്ധതികളുടെ

നടത്തിപ്പിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-195-99-36—കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ക്ലിപ്തം)യ്ക്കുള്ള സഹായം - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

പുതിയ ഫാക്ടറിയുടെ നിർമ്മാണ പ്രവൃത്തി നടക്കുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-102-98-04-2—യാത്രാ ചെലവുകൾ - സ്ഥലംമാറ്റ ബത്ത - 4,000 രൂപ

2210-02-102-98-04-4—യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം -5,000 രൂപ

മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-102-98-04-2—50,000 രൂപ

2210-02-102-98-04-4—20,000 രൂപ

2210-02-102-97—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-102-97-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും - 1.1526 കോടി രൂപ

2210-02-102-97-34-1—മറ്റ് ചെലവുകൾ - വെള്ളക്കരം - 1,000 രൂപ

ഇന്റേണീസിന് സ്റ്റൈപെൻഡ് വിതരണം ചെയ്യുന്ന ഇനത്തിലും വെള്ളക്കരം ഇനത്തിലും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി പ്രസ്തുത

ശീർഷകങ്ങളിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-02-102-97-12 —23 ലക്ഷം രൂപ

2210-02-102-97-34-1—5 ലക്ഷം രൂപ

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ് -തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം :

2210-05-102-99-01-4—ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്-18,000 രൂപ (നോൺ പ്ലാൻ)

2210-05-102-99-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 40000 രൂപ (നോൺ പ്ലാൻ)

2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും - 3.7048 കോടി രൂപ (നോൺ പ്ലാൻ)

2210-05-102-99-17—ചെറുകിട മരാമത്ത് പണികൾ - 40 ലക്ഷം രൂപ (പ്ലാൻ)

2210-05-102-99-34-1—വെള്ളക്കരം - 15000 രൂപ (നോൺ പ്ലാൻ)

മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി പ്രസ്തുത ശീർഷകങ്ങളിലേക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-102-99-01-4—1.82 ലക്ഷം രൂപ

2210-05-102-99-05-2—2 ലക്ഷം രൂപ

2210-05-102-99-12—2.2952 കോടി രൂപ

2210-05-102-99-17—43.50 ലക്ഷം രൂപ

2210-05-102-99-34-1—2 ലക്ഷം രൂപ

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

ബഡ്ജറ്റ് വിഹിതം :നോൺ പ്ലാൻ

2210-05-102-98-05-3 — ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ് - 13000 രൂപ

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും - 2.5661 കോടി രൂപ

2210-05-102-98-34-1 —മറ്റ് ചെലവുകൾ - വെള്ളക്കരം - 1.65 ലക്ഷം രൂപ

2210-05-102-98-34-2—മറ്റ് ചെലവുകൾ - വൈദ്യുതി ചെലവ് - 10.59 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകങ്ങളിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം തുക അധികമായി പ്രസ്തുത ശീർഷകങ്ങളിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2210-05-102-98-05-3 —87,000 രൂപ

2210-05-102-98-12 —1.9699 കോടി രൂപ

2210-05-102-98-34-1—1.35 ലക്ഷം രൂപ

2210-05-102-98-34-2—7.41 ലക്ഷം രൂപ

2210-05-102-88—സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന്

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-102-88-12—സ്കോളർഷിപ്പുകളും സ്റ്റൈപെൻഡുകളും - 3.4992 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.1703 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4210-03-102-99—ഹോമിയോ മെഡിക്കൽ കോളേജ്, കോളേജ് ആശുപത്രികൾ, കോളേജ് ഹോസ്റ്റൽ, തിരുവനന്തപുരം സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.2 കോടി രൂപ (പ്ലാൻ)

പുതിയ അക്കാദമിക്ക് ബ്ലോക്ക്, ഗസ്റ്റ് റൂം-കം-ക്വാർട്ടേഴ്സ്, യു.ജി. ഹോസ്റ്റൽ എക്സ്റ്റൻഷൻ എന്നിവയുടെ നിർമ്മാണത്തിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.8 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിലേയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XIX**

കുടുംബക്ഷേമ വകുപ്പ്

2211-00-003-95-05-2—ആക്സിലറി നേഴ്സ് മിഡ് വൈഫുമാർ, ലേഡി ഹെൽത്ത് വിസിറ്റേഴ്സ്, മുതലായവർക്ക് പരിശീലനം (കേന്ദ്രാവിഷ്കൃത പദ്ധതി 60 : 40) – ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 52,000 രൂപ (പ്ലാൻ)

നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി പ്രസ്തുത ശീർഷകത്തിലേയ്ക്ക് വകയിരുത്തണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XX**

ശുദ്ധജല വിതരണവും ശുചീകരണവും

2215-02-105-99—ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2215-02-105-99-04-1—യാത്രാ ചെലവുകൾ - യാത്രാ ബത്ത – 1.0215 കോടി രൂപ

2215-02-105-99-24—സാധന സാമഗ്രികൾ- 15.75 ലക്ഷം രൂപ

2215-02-105-99-34-3—മറ്റ് ചെലവുകൾ-മറ്റിനം-12 ലക്ഷം രൂപ

2215-02-105-99-45—പി.ഒ.എൽ.-27 ലക്ഷം രൂപ

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് ടി.എ/ഡി.എ, വാഹന ഗതാഗത ചെലവുകളും മറ്റ് അത്യാവശ്യചെലവുകളും നിർവ്വഹിക്കുന്നതിന് മേൽ ശീർഷകങ്ങളിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.2360 കോടി രൂപ അധികമായി മേൽ ശീഷകങ്ങളിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 1.15-ന് പിരിഞ്ഞു.

## 6-3-2024-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2024 മാർച്ച് മാസം 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30- ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർപേഴ്സണും

ബഹു. ആരോഗ്യവും വനിത-ശിശുവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി വീണാ ജോർജ്ജ് വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീമതി ഒ. എസ്. അംബിക
2. ശ്രീ. എ. പി. അനിൽ കുമാർ
3. ശ്രീമതി സി. കെ. ആശ
4. ശ്രീമതി ദെലീമ
5. ശ്രീമതി കെ. കെ. രമ
6. ഡോ. സുജിത് വിജയൻപിള്ള.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം:

ശ്രീമതി യു. പ്രതിഭ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

ആരോഗ്യവും കുടുംബക്ഷമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ പരിധിയിൽ വരുന്ന XVIII, XIX, XX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഭേദഗതികൾ ചുവടെ ചേർക്കുന്നു.

2210-01-110-42-00-00—മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ പ്രവർത്തന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ) തുക വകയിരുത്തിയിട്ടില്ല.

2017-ലെ മാനസികാരോഗ്യ പരിപാലന നിയമപ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ ചെയർമാൻമാരുടെയും മറ്റ്

അംഗങ്ങളുടെയും ഓണറേറിയം, ചെയർമാൻമാരുടെ വാഹന വാടകയിനത്തിലേക്കുള്ള ചെലവുകൾ, അനുവദനീയ തസ്തികകളിലേക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിന് പുതുതായി അനുവദിച്ചിട്ടുള്ള മേൽ ശീർഷകത്തിലേയ്ക്ക് 1.8978 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും പ്രസ്തുത ശിപാർശ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു.

## പുതിയ ശിർഷകം അനുവദിക്കുന്നതിന്

2210-02-001-98-97—ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസ് - വാഹന വാടക

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെ വാഹനം 15 വർഷം കഴിഞ്ഞതിനാൽ ഉപയോഗയോഗ്യമല്ലാത്ത സാഹചര്യത്തിൽ ടി വാഹനത്തിന് പകരം പുതിയ വാഹനം സർക്കാർ അനുവദിക്കുന്നതുവരെ വാടക വാഹനം ഉപയോഗിക്കേണ്ടി വരുന്നതിനാൽ 2210-02-001-98-97 എന്ന ശിർഷകം ആരംഭിച്ച് പ്രസ്തുത ശിർഷകത്തിലേക്ക് 4.56 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാനും പ്രസ്തുത ശിപാർശ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്താനും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.45-ന് പിരിഞ്ഞു.

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.